# സംസ്ഥാന വയോജന നയം

## 2006

സാമൂഹ്യക്ഷേമ വകുപ്പ്,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സംസ്ഥാന വയോജന നയം 2006

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ-ഇൻ-ചീഫ്

**ജിജി തോംസൺ** ഐ.എ.എസ്.
*പ്രിൻസിപ്പൽ സെക്രട്ടറി,*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

ജനറൽ എഡിറ്റർ

**കെ.സി. വേണു**
*ഡയറക്ടർ,*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ

**പി. അബ്ദുൽ റഷീദ്**
*അഡീഷണൽ ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

ഡപ്യൂട്ടി എഡിറ്റർ-ഇൻ-ചീഫ്
**പി.എസ്. സുരേഷ്**

എഡിറ്റർ
**പി.എസ്. രാജശേഖരൻ**

അസി. എഡിറ്റർ
**അജിതാദാസ്**
**ആർ. വേണുഗോപാൽ**

കവർ & ലേ-ഔട്ട്
**എം. ദീപക്**

സർക്കുലേഷൻ
**എൻ.എസ്. അനിൽകുമാർ**

---

സൗജന്യവിതരണത്തിന്
അച്ചടി : ഓഡിയോവിഷ്വൽ & റിപ്രോഗ്രാഫിക്സ്, തിരുവനന്തപുരം
കോപ്പി : 5,000
ഡിസംബർ 2006



# സന്ദേശം

നമ്മുടെ സംസ്ഥാനത്ത് വയോജനങ്ങളുടെ സംഖ്യ അതിവേഗം കൂടി വരികയാണ്. സാമൂഹികമായ സംരക്ഷണത്തിന് ആളില്ലാതെ കുടുംബങ്ങളിൽ വൃദ്ധർ അവശേഷിക്കുന്ന അവസ്ഥയും ഇതോടൊപ്പം വർദ്ധിച്ചുവരുന്നു. ഈ സാഹചര്യത്തിലാണ് ഒരു വയോജന നയത്തിന് രൂപം നൽകാൻ സർക്കാർ തീരുമാനിച്ചത്.

വയോജന സുരക്ഷിതത്വത്തിന് അനിവാര്യമായ സാമൂഹിക-സാമ്പത്തിക സുരക്ഷ ലക്ഷ്യമിടുന്നതാണ് വയോജന നയം.

വയോജനങ്ങളുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നങ്ങളായി ക് അവരുടെ ക്ഷേമത്തിനുവേി രൂപം നൽകിയിട്ടുള്ള ഈ കർമ്മപദ്ധതി എല്ലാ അർത്ഥത്തിലും ഒരു സമ്പൂർണ്ണ വിജയമാവട്ടെ എന്നാശംസിക്കുന്നു.

**വി.എസ്. അച്യുതാനന്ദൻ**

**മുഖ്യമന്ത്രി**



# സന്ദേശം

വയോജനങ്ങളെ സാമ്പത്തികവും ആരോഗ്യപരവും സാമൂഹികവും വൈകാരികവുമായ തലങ്ങളിൽ ശാക്തീകരിക്കുവാനും അവർക്ക് ആത്മവിശ്വാസത്തോടെ ഫലപ്രദവും തൃപ്തികരവുമായ ജീവിതം നയിക്കുവാനും പര്യാപ്തമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനു വേി സർക്കാർ, സംസ്ഥാന വയോജന നയം കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

വയോജനങ്ങൾ അവരുടെ വാർദ്ധക്യാവസ്ഥയിൽ എത്തുംമുമ്പ് സമൂഹത്തിനും രാഷ്ട്രത്തിനും വേി അനുഷ്ഠിച്ചിട്ടുള്ള മഹത്തായ സേവനങ്ങൾ അംഗീകരിക്കുന്നതോടൊപ്പം അതിന് വയോജനങ്ങളോട് സമൂഹത്തിനും രാഷ്ട്രത്തിനുമുള്ള കടപ്പാട് പ്രകടിപ്പിക്കുവാനും വയോജനങ്ങളുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നങ്ങളാണെന്നും, സാമൂഹിക വികസനത്തിൽ വയോജനങ്ങൾക്ക് സജീവവും ഉത്പാദനക്ഷമവുമായ പങ്കാളിത്തം സൃഷ്ടിച്ചുകൊടുക്കുവാൻ സർക്കാരിനുള്ള ധാർമ്മികവും ഭരണഘടനാപരവുമായ ബാധ്യത നിറവേറ്റുവാനും, പരിചരണത്തിനും പരിരക്ഷയ്ക്കും ഉപരിയായി സ്വാതന്ത്ര്യം, ആത്മസംതൃപ്തി, അന്തസ്സ് എന്നിവയ്ക്കുള്ള അവരുടെ അവകാശം ഉറപ്പാക്കുവാനും ഈ വയോജന നയം ലക്ഷ്യമിടുന്നു.

സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വയോജന നയം വിജയിപ്പിക്കുന്നതിന് ജീവിതത്തിന്റെ നാനാതുറകളിലുമുള്ള എല്ലാ മനുഷ്യസ്നേഹികളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊ് വയോജന നയം അതിന്റെ എല്ലാവിധത്തിലുമുള്ള അന്തഃസത്തയും ഉൾക്കൊുകൊ് വിജയം വരിക്കട്ടെയെന്ന് ആശംസിക്കുന്നു.

**പി.കെ. ശ്രീമതി ടീച്ചർ**

**ആരോഗ്യ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി**

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സംസ്ഥാന വയോജന നയം - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================================

## സാമൂഹ്യക്ഷേമ (സി) വകുപ്പ്

ജി.ഒ.(എം.എസ്.)നം. 39/2006/സാക്ഷേവ തിരുവനന്തപുരം, തീയതി: 5/12/2006

===================================================================================

## ഉത്തരവ്

സംസ്ഥാനത്തെ വയോജനങ്ങളുടെ ക്ഷേമത്തിനുവേ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ പദ്ധതി രൂപവത്ക്കരിക്കുന്നതിനുള്ള അനുബന്ധമായി ചേർത്തിട്ടുള്ള സംസ്ഥാന വയോജന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ലിഡാ ജേക്കബ്**
സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
അ ക്ക ൗ ന്റ് ജനറൽ, ആഡിറ്റ്/എ ആന്റ് ഇ, കേരള, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, വികലാംഗക്ഷേമ കോർപ്പറേഷൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, വനിതാ വികസന കോർപ്പറേഷൻ,
തിരുവനന്തപുരം.
സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, പൂജപ്പുര, തിരുവനന്തപുരം.
അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന ശിശുക്ഷേമസമിതി, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന സാമൂഹികക്ഷേമ ഉപദേശക ബോർഡ്,
തിരുവനന്തപുരം.
കമ്മീഷണർ, വികലാംഗക്ഷേമ കമ്മീഷണറേറ്റ്, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഐറ്റം നമ്പർ. 546, തീയതി 04.12.2006)
സാമൂഹ്യക്ഷേമ (എ ആന്റ് ബി) വകുപ്പ്
എല്ലാ സർക്കാർ ഇതര സംഘടനകൾക്കും.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

# സംസ്ഥാന വയോജന നയം

## ക. പശ്ചാത്തലം

### ജനസംഖ്യാപരമായ സ്ഥിതി

1. ഇന്ത്യയിൽ വയോജനങ്ങളുടെ (60+) സംഖ്യ ത്വരിതഗതിയിൽ വർധിച്ചുകൊിരിക്കുകയാണ്. 1961-ൽ വയോജനങ്ങളുടെ സംഖ്യ 25.6 ദശലക്ഷം ആയിരുന്നു. 30 വർഷം കഴിഞ്ഞപ്പോൾ, അതായത് 1991-ൽ അത് ഇരട്ടിയിലധികമായി വർധിച്ച് 56.7 ദശലക്ഷമായി. അടുത്ത വർഷം കൊ് 2016-ൽ ഇത് വീും ഇരട്ടിച്ച് 113.26 ദശലക്ഷമാകും. ശതമാനക്കണക്കിൽ പറഞ്ഞാൽ വയോജനങ്ങളുടെ തോത് 1961-ൽ 5.8 ശതമാനവും 1991-ൽ 6.8 ശതമാനവുമായിരുന്നു. 2016-ൽ ഇത് 8.9 ശതമാനമാകുമെന്ന് കണക്കാക്കപ്പെടുന്നു. 1991-ൽ പൊതുവായ ജനസംഖ്യാവർധനയെ അപേക്ഷിച്ച് വയോജനങ്ങളുടെ വർധന 60 ശതമാനത്തിലുമധികമായിരുന്നു. ഈ അന്തരം വരുന്ന പതിറ്റാുകളിൽ കൂടിവരാനാണ് സാധ്യത. വയോജനങ്ങളിൽത്തന്നെ അതിവൃദ്ധരുടെ (70+) വർധനാനിരക്ക് നവവൃദ്ധരുടേതിനെ (60+) അപേക്ഷിച്ച് കൂടുതലാണ്. പുരുഷന്മാരുടെ ജനനസമയത്തെ പ്രതീക്ഷിതായുസ്സ് രാജ്യത്ത് 1961-ൽ 47 വയസ്സായിരുന്നത് 1991-ൽ 59 ആയി. സ്ത്രീകളുടേത് 45.6 വർഷമായിരുന്നത് 59.7 ആയി ഉയർന്നു. 60-ാം വയസ്സിൽ പ്രതീക്ഷിക്കുന്ന ശിഷ്ടായുസ്സ് ഈ കാലയളവിൽ പുരുഷന്മാരുടേത് 13.0 വർഷത്തിൽ നിന്ന് 14.9 ആയും സ്ത്രീകളുടേത് 13.4-ൽ നിന്ന് 16.2 ആയും വർധിച്ചു.

2. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ വയോജനങ്ങളുടെ സംഖ്യ ശീഘ്രഗതിയിൽ വർധിച്ചുകൊിരിക്കുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞ നൂറ്റാിന്റെ ഉത്തരാധർത്തിൽ 60 വയസ്സിനുമേൽ പ്രായമുള്ളവരുടെ സംഖ്യ കുത്തനെ ഉയർന്നു. ഇത് 1961-ൽ 5.83 ശതമാനവും 1991-ൽ 8.82 ശതമാനവും 2001-ൽ 9.79 ശതമാനവുമായിരുന്നു. കണക്കുകൂട്ടലുകളനുസരിച്ച് ഈ നിരക്ക് 2011-ൽ 11.74 ശതമാനവും 2021-ൽ 15.63 ശതമാനവും 2026-ൽ 20 ശതമാനവുമായിരിക്കും. അതായത് 25 വർഷം കൊ് വർധനയുടെ നിരക്ക് ഇരട്ടിയാവും.

3. ഒരു നിശ്ചിത കാലയളവിലെ വയോജനങ്ങളുടെ മൊത്തം ജനസംഖ്യയ്ക്കായിരിക്കും അവരുടെ ആധിക്യത്തെപ്പറ്റി കൂടുതൽ വ്യക്തമായ സൂചന തരാൻ കഴിയുക - വിശേഷിച്ചും ക്ഷേമ പ്രവർത്തനങ്ങളുടെ കാഴ്ചപ്പാടിൽ. 1991-ൽ കേരളത്തിലെ വയോജനങ്ങളുടെ മൊത്തം

സംഖ്യ 25,67,365 ആയിരുന്നു. 2001-ൽ ഈ സംഖ്യ 31,54,046 ആയിത്തീർന്നു. 10 വർഷം കൊ് 5,86,681 പേരുടെ വർധനയാണ് ഈ വിഭാഗത്തിലുായതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയും.

4.മറ്റു സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും പൊതുവായ ജനസംഖ്യാ വർധനയുടെ നിരക്കിനെക്കാളധികമാണ് വയോജനങ്ങളുടെ വർധന. 1981-91 കാലഘട്ടത്തിൽ പൊതുവായ ജനസംഖ്യാ വർധനയുടെ നിരക്ക് 1.39 ശതമാനമായിരുന്നപ്പോൾ വയോജനങ്ങളുടേത് 3.26 ശതമാനമായിരുന്നു. ഇതേ നിരക്കുകൾ 2011-2021 ആകുമ്പോഴേക്കും യഥാക്രമം 0.57 ശതമാനവും 4.08 ശതമാനവുമാകുമെന്നതാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ നിന്നും പൊതുവായ ജനസംഖ്യാവർധനയുടെ നിരക്ക് കുറയുകയും വയോജനങ്ങളുടെ വർധനനിരക്ക് കൂടുകയും ചെയ്തുകൊിരിക്കുകയാണെന്ന് നമുക്ക് മനസ്സിലാക്കാം. കുറയുന്നതും കൂടുന്നതും പലമടങ്ങായ തോതിലാണെന്നതും ശ്രദ്ധേയമാണ്. എവിടെയായാലും വയോജനങ്ങളുടെ വർധന ജനസംഖ്യയിൽ ഘടനാപരമായ മാറ്റങ്ങളുാക്കും. 1991-ൽ കേരളത്തിലെ വ്യത്യസ്ത വയോവിഭാഗങ്ങളുടെ അനുപാതം ഇങ്ങനെ ആയിരുന്നു. 0-14 = 30.3%, 15-59 = 60.9%, 60+ = 8.8%. ഈ നിരക്ക് 2021-ൽ യഥാക്രമം 18.7, 65.7, 15.6 എന്നിങ്ങനെ ആകുമെന്നാണ് കണക്കാക്കപ്പെടുന്നത്. 1996-ൽ ജനന സമയത്തെ പ്രതീക്ഷിതായുസ്സ് പുരുഷന്മാർക്ക് 68.8 വർഷവും സ്ത്രീകൾക്ക് 74.7 വർഷവും ആയിരുന്നു. 60-ാം വയസ്സിലെ പ്രതീക്ഷിതായുസ്സ് പുരുഷന്മാർക്ക് 24.3 വർഷവും സ്ത്രീകൾക്ക് 28.7 വർഷവും ആണ്. 80-ാം വയസ്സിൽ ഇവരുടെ പ്രതീക്ഷിതായുസ്സ് യഥാക്രമം 11.7 വർഷവും 12.5 വർഷവും ആയിരിക്കുന്നു. ഇതിന്റെ അർഥം വരുംകാലങ്ങളിൽ ശിശുസംരക്ഷണത്തിൽ നിന്ന് വയോജന സംരക്ഷണത്തിലേക്ക് ശ്രദ്ധതിരിക്കേി വരുമെന്നാണ്.

5.കേരളത്തിലെ വയോജന സംഖ്യയുടെ ഒരു പ്രധാന സവിശേഷത അതിൽ നല്ലൊരു ഭാഗം വിധവകളാണ് എന്നതു തന്നെ. 1991-ൽ 60-69 വയോ വിഭാഗത്തിൽപ്പെട്ട പുരുഷന്മാരിൽ അഞ്ചു ശതമാനം പേർ മാത്രമായിരുന്നു വിഭാര്യന്മാർ. എന്നാൽ അതേ പ്രായത്തിലുള്ള സ്ത്രീകളിൽ 53.8% പേർ വിധവകളായിരുന്നു. ഈ നിരക്ക് എഴുപതു വയസ്സിനു മുകളിലുള്ളവരിൽ 11.36%, 69.20% എന്ന ക്രമത്തിലും എൺപതു വയസ്സിനു മുകളിലുള്ളവരിൽ 22.34%, 83.38% എന്ന ക്രമത്തിലുമാണ്. മറ്റെവിടെയുമെന്നപോലെ കേരളത്തിലും വാർദ്ധക്യത്തിലെ വൈധവ്യം മൂന്നു തരം ദുരിതങ്ങളെ സൂചിപ്പിയ്ക്കുന്നു - സ്ത്രീത്വത്തിൽ നിന്നുള്ള പരാധീനതകൾ, ദാരിദ്ര്യം, പരിരക്ഷയുടെ അഭാവം.

### സാമൂഹ്യപശ്ചാത്തലം

6.ഇരുപതാം നൂറ്റാിന്റെ രാംപാദം മുതൽ കേരളത്തിലെ കൂട്ടുകുടുംബസമ്പ്രദായം ക്ഷയോന്മുഖമായി. നിയമപരവും സാമൂഹികവുമായ ഒട്ടേറെ ഘടകങ്ങൾ ഇതിനു കാരണമായിട്ടു്. 20-ാം നൂറ്റാിന്റെ ഉത്തരാർധത്തിൽ നടപ്പാക്കിയ കുടുംബാസൂത്രണ പരിപാടി മുഖേന പ്രചരിപ്പിച്ച ചെറിയ കുടുംബം എന്ന ആശയം കുടുംബങ്ങളുടെ വലിപ്പം കുറയ്ക്കുന്നതിന് സഹായകമായി. ഇതിന് പുറമേ നൂറ്റാിന്റെ അന്ത്യപാദത്തിൽ ഒട്ടേറെ യുവാക്കൾ കുടുംബം വിട്ട് തൊഴിൽ തേടി ഗൾഫ് രാജ്യങ്ങളിലേക്കു പോയതും മറ്റൊരു കാരണമാണ്. ഇതേത്തുടർന്ന് ശരിയായ സംരക്ഷണത്തിന് ആളില്ലാതെ കുടുംബങ്ങളിൽ വൃദ്ധർ അവശേഷിക്കുന്ന അവസ്ഥയുായി. വിദ്യാഭ്യാസത്തിനും തൊഴിലിനും വേി സ്ത്രീകൾ വീടുവിട്ടിറങ്ങേ ആധുനിക സാഹചര്യത്തിൽ വൃദ്ധർ സ്വന്തംകാര്യങ്ങൾ സ്വയമേവ നോക്കാൻ നിർബദ്ധരായിത്തീർന്നിരിക്കുന്നു. വൃദ്ധരുടെ സംഖ്യ ദ്രുതഗതിയിൽ വർധിക്കുകയും, ദീർഘായുസ്സുമൂലം അവർക്ക് പരിരക്ഷ ആവശ്യമുള്ള കാലത്തിന്റെ ദൈർഘ്യത്തിലും വർധന ഉാവുകയും ചെയ്യുന്ന ഇക്കാല

ത്ത്, മുൻപറഞ്ഞ കാരണങ്ങളുടെയെല്ലാം ഫലമായി വൃദ്ധരെ പരിരക്ഷിക്കുന്നവരുടെ എണ്ണം കുറഞ്ഞുകൊിരിക്കുന്നു.

7. ഇന്ത്യയിലെ ഏററവും ഉയർന്ന സാക്ഷരതാ നിരക്ക് കേരളത്തിലാണെങ്കിലും അറുപതുവയസ്സിനു മേൽ പ്രായമുള്ളവരിൽ നല്ലൊരു ഭാഗം ആളുകളും നിരക്ഷരരാണ്. 1991-ലെ സെൻസസ് പ്രകാരം 60-69 പ്രായക്കാരിൽ 31.64 ശതമാനവും 70-79 പ്രായക്കാരിൽ 39.50 ശതമാനവും 80-നുമേൽ പ്രായമുള്ളവരിൽ 46.26 ശതമാനവും അക്ഷരാഭ്യാസമില്ലാത്തവരാണ്. തന്മൂലം ഈ വിഭാഗത്തിന് ശാക്തീകരണത്തിനുവേിയുള്ള എന്തെങ്കിലും പരിശീലനമോ പുനർ പരിശീലനമോ നൽകാൻ വിഷമമായിരിക്കും.

8. വയോജനങ്ങളുടെ ജീവിത ക്രമീകരണങ്ങളിൽ പ്രധാനപ്പെട്ടത് സ്വന്തം മക്കളോടൊപ്പം താമസിക്കുന്ന രീതി (90%) ആണ്. എന്നാൽ ചെറിയ കുടുംബങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ പലർക്കും ഇതിനു കഴിയാതെ വരികയോ അധികം പേരും വീട്ടിൽ നിന്ന് പുറം തള്ളപ്പെടുകയോ ചെയ്യുന്ന സ്ഥിതിവിശേഷം ഉാകാറു്. 1991-ലെ സെൻസസ് അനുസരച്ച് ഗ്രാമപ്രദേശങ്ങളിൽ ആയിരം വൃദ്ധരിൽ 473 പുരുഷന്മാരും 873 സ്ത്രീകളും നഗരപ്രദേശങ്ങളിൽ 523 പുരുഷന്മാരും 880 സ്ത്രീകളും മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കേിവരുന്നു. കേരളത്തിൽ ഏകദേശം 30 ശതമാനത്തോളം ആളുകൾ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നതിനാൽ വൃദ്ധരെ പരിരക്ഷിക്കുന്ന കാര്യത്തിൽ ഇത്തരം കുടുംബങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നതായി നമുക്ക് മനസ്സിലാക്കാം. ഇത് കേരളത്തിലെ വൃദ്ധജനങ്ങളുടെ പരിരരക്ഷാരാഹിത്യത്തിന്റെ മറ്റൊരു വശംകൂടി വെളിപ്പെടുത്തുന്നു.

9. തലമുറകൾ തമ്മിലുള്ള സംഘർഷത്തിന്റെ - വിശേഷിച്ചും വൃദ്ധരും കൊച്ചുമക്കളും തമ്മിലുള്ള സംഘർഷത്തിന്റെ - സൂചനകൾ നമ്മുടെ സമൂഹത്തിൽ കുതുടങ്ങിയിട്ടു്. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും തിരമാലകൾ കുതിച്ചു കയറുമ്പോൾ മുതിർന്നവർക്ക് പ്രിയപ്പെട്ട പല മൂല്യങ്ങളും തുടച്ചുമാറ്റപ്പെടും. ഉപഭോക്തൃ സംസ്കാരം സ്വാർത്ഥതയെ പരിപോഷിപ്പിക്കും. ഇതിന്റെയെല്ലാം ഫലമായി തലമുറകൾ തമ്മിലുള്ള അനുരഞ്ജനം അപകടത്തിലാവും.

10. ഒരു വശത്ത് വൃദ്ധരെ പരിത്യജിക്കുന്ന സ്ഥിതിവിശേഷം വ്യാപകമാവുകയും മറുവശത്ത് ചെറുപ്പക്കാർ വൻതോതിൽ ദൂരെയുള്ള നാടുകളിൽ കുടിയേറുന്നത് വർധിച്ചു വരികയും ചെയ്യുന്നതിനാൽ പാവപ്പെട്ടവർക്കും പണക്കാർക്കും വേിയുള്ള വയോജന ഭവനങ്ങൾ കേരളത്തിൽ ധാരാളമായി പ്രത്യക്ഷപ്പെടുന്നു്. ഹെൽപ്പേജ് ഇന്ത്യയുടെ പഠനമനുസരിച്ച് രാജ്യത്ത് ഏറ്റവുമധികം വയോജന ഭവനങ്ങളുള്ളത് കേരളത്തിലാണ്. എന്നാൽ ഇത്തരം ഭവനങ്ങൾക്ക് ഒട്ടേറെ പോരായ്മകളു്. ആരോഗ്യമുള്ള വൃദ്ധർക്ക് മാത്രമാണ് ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നല്കാറുള്ളത്. ഇവയിൽ മിക്കവയും വൃദ്ധരുടെ മേൽനോട്ടച്ചുമതലയാണ് നിർവഹിച്ചു വരുന്നത്. മിക്ക വയോജന ഭവനങ്ങളുടെയും നടത്തിപ്പിൽ പ്രാഗല്ഭ്യം എന്നൊന്ന് കാണാനേ ഇല്ല. ഇവയിൽ പലതിനും വേത്ര അടിസ്ഥാന സൗകര്യങ്ങളോ മറ്റു സൗകര്യങ്ങളോ കാണ്മാനില്ല. ഇങ്ങനെയുള്ള ഭവനങ്ങളിലെ അന്തേവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ ഉറപ്പക്കുവാൻ വേി ഈ കാര്യങ്ങളിൽ വയോജനനയം ശ്രദ്ധ പതിപ്പിക്കുന്നതാണ്. ദീർഘകാല രോഗങ്ങളും മാരക രോഗങ്ങളും പിടിപെട്ട വൃദ്ധരെ ശുശ്രൂഷിക്കുന്നതിനുവേ വയോജന ആതുരാലയങ്ങളും തുറക്കേിയിരിക്കുന്നു. കാരണം, ഇത്തരം ചില രോഗങ്ങൾ ബാധിക്കുന്ന വൃദ്ധരെ സാധാരണ ഗതിയിലുള്ള വയോജന ഭവനങ്ങളിൽ പ്രവേശിപ്പിക്കാൻ കഴിയുകയില്ല.

**സാമ്പത്തിക രംഗം**

11. വയോജന സുരക്ഷിതത്വത്തിന് അനിവാര്യമായും വേത് സാമൂഹിക സുരക്ഷിതത്വമാണ്. അതിനാവട്ടെ ശക്തമായ സാമ്പത്തിക അടിത്തറ അത്യന്താപേക്ഷിതവുമാണ്. പക്ഷേ സന്തുലിത വികാസത്തിന്റെ അഭാവത്തിൽ കേരളത്തിന്റെ സാമ്പത്തിക അടിത്തറ സുശക്തമല്ല. 1991–ലെ സെൻസസ് പ്രകാരം 15–59 പ്രായപരിധിയിലുള്ളവരുടെ തൊഴിൽ പങ്കാളിത്തം 31.43 (ഇന്ത്യയിൽ 37.5) ശതമാനമാണ്. എന്നാൽ ആശ്വാസകരമായ ഒരു വസ്തുത പ്രായം ചെന്നവരിൽ 26.33 ശതമാനം പേർ ഇപ്പോഴും ജോലി ചെയ്യുന്നു എന്നതാണ്. പണിയിലേർപ്പെടാത്ത വൃദ്ധരിൽ 55.14% പേരും മറ്റുള്ളവരെ ആശ്രയിച്ചാണ് ജീവിക്കുന്നതെന്ന് അതേ സെൻസസ് വെളിപ്പെടുത്തുന്നു. തൊഴിലിലേർപ്പെടാത്ത വൃദ്ധരിൽ കുറേപ്പേർ തങ്ങളുടെ സമ്പന്നരായ മക്കളോടൊപ്പം കഴിയന്നുാവാം. എന്നാൽ 30 ശതമാനത്തോളം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരാകയാൽ അവരിൽ നല്ലൊരു ഭാഗം ജീവിതാവശ്യങ്ങൾ നിറവേറ്റാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നുാവും. കേരളത്തിൽ 6.7 ലക്ഷം വൃദ്ധർ ദാരിദ്ര്യരേഖയ്ക്കു താഴെക്കഴിയുന്നവരാണെന്ന് 1995–ലെ ഐ.ആർ.ഡി.പി. സർവേ കത്തെി. കടുത്ത തൊഴിലില്ലായ്മയും കുറഞ്ഞ കൂലി കിട്ടുന്ന കൃഷിപ്പണിയും സൂചിപ്പിക്കുന്നത് ഇന്നത്തെ യുവാക്കളിൽ ബഹുഭൂരിപക്ഷവും വാർധക്യകാല ജീവിതത്തിനാവശ്യമായ യാതൊരുവിധ സമ്പാദ്യവുമില്ലാതെ വാർധക്യദശയിലേക്ക് പ്രവേശിക്കേിവരുമെന്നാണ്. വയോവൃദ്ധരിൽ 11 ശതമാനത്തിനു മാത്രമാണ് ജീവസന്ധാരണത്തിന് സ്വയം പര്യാപ്തമായ ഉപാധികളുള്ളതെന്ന് 1991–ലെ സെൻസസ് വെളിപ്പെടുത്തു ന്നു്. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം കേരള സർക്കാർ വളരെ ജാഗ്രതയോടെയും ഉത്തരവാദിത്വത്തോടെയുമാണ് പ്രവർത്തിക്കുന്നത്. വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അവരുടെ സാമൂഹിക സുരക്ഷിതത്വത്തിനും ക്ഷേമത്തിനും ഉതകുന്ന നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടു്. ഇന്ത്യയിൽ ഏറ്റവുമധികം പെൻഷൻ ക്ഷേമനിധി പദ്ധതികൾ (42 എണ്ണം) ഉള്ളത് കേരളത്തിലാണ്. ഇവയിൽ ഏഴെണ്ണം ക്ഷേമപദ്ധതികളാണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂന്നെണ്ണമാണ്. (കേരള അവശ വയോജന-വിധവാ പെൻഷൻ പദ്ധതി, കേരള കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി, ഇന്ത്യാ ഗവൺമെന്റിന്റെ ദേശീയ വയോജന പെൻഷൻ പദ്ധതി). എല്ലാ പദ്ധതികളുടെയും കൂടി മൊത്തമുള്ള ഗുണഭോക്താക്കളിൽ 90 ശതമാനവും ഈ മൂന്നു പദ്ധതികളിൽ ഉൾപ്പെട്ടവരാണ്. എങ്കിലും അവയ്ക്കു ചില പോരായ്മകള്ു്. പ്രതിമാസ പെൻഷൻ തന്നെ പ്രധാന പ്രശ്നം; ആവശ്യക്കാർക്കെല്ലാം ഇത് കിട്ടുന്നില്ല എന്നതാണ് മറ്റൊരു പ്രശ്നം. അംഗങ്ങലുടെ ദുരിതങ്ങൾക്ക് വളരെയേറെ ആശ്വാസമരുളാൻ ക്ഷേമനിധി പദ്ധതികൾക്ക് കഴിയുന്നു്. എങ്കിലും, ഫലപ്രദവും കൂടുതൽ ഉപയുക്തവുമാക്കിത്തീർക്കുന്നതിന് അവ അടിമുടി ഉടച്ചു വാർക്കേ തു്. ഇക്കാര്യം മുന്തിയ പരിഗണന നല്കി കൈകാര്യം ചെയ്യുന്നതാണ്.

**ആരോഗ്യ പശ്ചാത്തലം**

12. കേരളത്തിലെ വയോജനങ്ങളുടെ ആരോഗ്യനില അത്ര മോശമാണെന്നു പറഞ്ഞുകൂടാ. അവരിൽ നല്ലൊരു ഭാഗത്തിന് ഇപ്പോഴും നല്ല ആരോഗ്യമു്. നാലിലൊന്നു ഭാഗം വയോജനങ്ങൾ ഇപ്പോഴും ജോലി ചെയ്തുകൊിരിക്കുന്നു. എന്നാൽ മറ്റുള്ളവരുടെ, വിശേഷിച്ചും 70 വയസ്സിനു മേൽ പ്രായമുള്ളവരുടെ, ആരോഗ്യ സ്ഥിതി ഉത്കണ്ഠാജനകമാണ്. പകരുന്ന രോഗങ്ങളും പകരാത്ത (ജീവിതശൈലി മുഖേന ഉള്ള) രോഗങ്ങളും ഒരേ സമയം നിയന്ത്രിക്കേതായ ഇരട്ട ഉത്തരവാദിത്വമാണ് കേരളത്തിനുള്ളത്. 1977–ൽ ഇവയുടെ അനുപാതം യഥാക്രമം 56:44 എന്നിങ്ങനെ ആയിരുന്നു. രു വിഭാഗം രോഗങ്ങളും വൃദ്ധരിൽ നിന്ന് വേത്ര വിഹിതം എടുക്കാ

റുണ്ട്. സംസ്ഥാനത്തിന്റെ ആരോഗ്യ സംരക്ഷണ സമ്പ്രദായത്തിൽ കാര്യമായ മാറ്റം ആവശ്യമുണ്ടെന്ന് ഇത് തെളിയിക്കുന്നു. ആസന്നഭാവിയിൽത്തന്നെ മൊത്തം ജനസംഖ്യയുടെ അഞ്ചിലൊരു ഭാഗം വയോജനങ്ങളായിത്തീരുന്ന സാഹചര്യത്തിൽ വൃദ്ധ പരിപാലനത്തിന് കനത്ത ഊന്നൽ നല്കുന്ന ഒരു പരിഷ്കരണമാണ് നമുക്കു വേണ്ടത്. വൈദ്യശാസ്ത്ര പഠനം, നഴ്സിംഗ് (ആതുര ശുശ്രൂഷ) എന്നീ മേഖലകളിലെപാഠ്യപദ്ധതിയിൽ അടിയന്തിരമായി വൃദ്ധ രോഗ ചികിത്സ കൂടി ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ എല്ലാ സർക്കാർ ആശുപത്രികളിലും രോഗചികിത്സയിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരും നഴ്സുമാരും ഉണ്ടാവണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ആദ്യകാല ലക്ഷ്യമായിരുന്ന കുടുംബാസൂത്രണത്തിന് (പ്രത്യുത്പ്പാദനശേഷി, കുട്ടികളുടെ ആരോഗ്യം എന്നിവ ഉൾപ്പെടെ) പ്രസക്തി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അവയൊക്കെ വൃദ്ധപരിരക്ഷയ്ക്ക് ഊന്നൽ നല്കുന്നതിന് ശ്രദ്ധിക്കണം.

13. ആരോഗ്യപരിപാലനത്തിൽ താരതമ്യേന അവഗണക്കപ്പെടുന്ന ഒരു വിഷയമാണ് വൃദ്ധരുടെ പോഷകാഹാര പ്രശ്നം. വൃദ്ധജനങ്ങൾക്കാവശ്യമുള്ള പോഷകാഹാരങ്ങളെപ്പറ്റി സമ്പന്നരുടെയും അഭ്യസ്തവിദ്യരുടെയും ഇടയിൽപ്പോലും അജ്ഞത നിലനിൽക്കുന്നുണ്ട്. സർക്കാരിന്റെ കണക്കനുസരിച്ച് 1995-ൽ മരിച്ച അറുപതിനു മേൽ പ്രായമായവരിൽ 56 ശതമാനത്തിന്റെയും മരണകാരണം പോഷകാഹാരത്തിന്റെ അപര്യാപ്തതമൂലമുണ്ടായ രക്തക്കുറവായിരുന്നു. ഈ പ്രശ്നം തരണം ചെയ്യുന്നതിന് പ്രത്യേക നടപടികൾ ആവശ്യമാണ്. സംയോജിത ശിശു വികസന പദ്ധതിയുടെ മാതൃകയിൽ നിരാശ്രയരായ വൃദ്ധജനങ്ങൾക്ക് പോഷകാഹാരം നല്കുന്ന ഒരു പദ്ധതി തുടങ്ങുന്നത് നന്നായിരിക്കും.

14. വൃദ്ധജനങ്ങൾക്കു വേണ്ടിയുള്ള ഏതൊരു കർമ്മ പരിപാടിയും അവർക്കു മാത്രമായി പരിമിതപ്പെടുത്താൻ പാടില്ല. ഓരോരുത്തരും വാർധക്യം തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ അക്കാലത്തേക്കാവശ്യമായ കാര്യങ്ങൾ - നല്ല സമ്പാദ്യം, ആരോഗ്യകരമായ ജീവിത ശൈലി മുതലായവ - കരുതി വയ്ക്കുമെങ്കിൽ പ്രായവർധനയുടെ മിക്ക പ്രശ്നങ്ങളും ഒഴിവാക്കാനോ ഇല്ലായ്മ ചെയ്യാനോ കഴിയും. വൃദ്ധസഹായിയായ പാരമ്പര്യ മൂല്യങ്ങൾ കാത്തു സൂക്ഷിക്കുവാൻ ബാല്യകാലത്തു തന്നെ ശീലിപ്പിക്കണം.

15. പ്രായം കൊണ്ടോ ആവശ്യങ്ങൾ കൊണ്ടോ ഐക്യരൂപ്യമുള്ളവരല്ല വയോജനങ്ങൾ. പ്രായത്തിന്റെ കാര്യത്തിൽ നവവൃദ്ധരും മഹാവൃദ്ധരും തമ്മിൽ വലിയ അന്തരമുണ്ട്. എഴുപതു വയസ്സുവരെവരുമാനത്തിന്റെ കാര്യത്തിലും ആരോഗ്യത്തിന്റെ കാര്യത്തിലും കാര്യമായ കുഴപ്പമൊന്നും ഉണ്ടാവാറില്ല. എന്നാൽ അതിനു ശേഷം ഈ രണ്ടു കാര്യത്തിലും ഗണ്യമായ അധോഗമനം ഉണ്ടായേക്കാം. ഈ പ്രായത്തിലാണ് മറ്റുള്ളവരുടെ പിന്തുണ ഏറ്റവുമധികം വേണ്ടി വരുന്നത്. തങ്ങളുടെ പ്രായത്തിലുള്ള സൗഭാഗ്യവാന്മാർക്കൊപ്പം നിലവിലുള്ള ക്ഷേമപരിപാടികൾ പ്രയോജനപ്പെടുത്തുന്നതിന് നിരാശ്രയരായ വയോജനങ്ങളെ സജ്ജരാക്കുന്നതിന് പ്രത്യേക ക്രിയാത്മക നടപടിയും ഉണ്ടാവേണ്ടതുണ്ട്. വയോജനങ്ങളിൽ താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ് പ്രത്യേക സഹായം അത്യാവശ്യമായിട്ടുള്ളത്. (1) 80 വയസ്സിനുമേൽ പ്രായമുള്ളവർ (2) വിധവകൾ, അവിവാഹിതർ, സന്താനങ്ങളില്ലാത്തവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ (3) വികലാംഗരും ദുർബലരും (4) അടുത്ത ബന്ധുക്കളാരും ജീവിച്ചിരിപ്പില്ലാത്തവർ (5) വീട്ടിൽ മറ്റാരും ഇല്ലാത്തവർ (6) ഗുരുതരവും മാരകവുമായ രോഗം ബാധിച്ചവർ (7) അഗതികൾ. വയോവൃദ്ധരുടെ മുഖ്യധാരയിലേക്ക് ഇവരെ ആനയിക്കുന്നതിന് ക്രിയാത്മക നടപടിയും പരിപാടികളും ആവശ്യമാണ്.

16. വയോജനങ്ങളെ സംബന്ധിച്ച സർക്കാർ നയത്തിൽ ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുകയും യഥോചിതം ഉൾപ്പെടുത്തുകയം വേണം.

## II. നയപ്രസ്താവന

17. സംസ്ഥാനത്തെ വയോജന നയരേഖ പ്രകാരം വയോജനങ്ങൾ എന്ന് വിവക്ഷിക്കുന്നത് 60 വയസ്സ് തികഞ്ഞവരെ ആയിരിക്കും.

18. വയോജനങ്ങൾ അവരുടെ വാർധക്യാവസ്ഥയിൽ എത്തും മുമ്പ് സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി അനുഷ്ഠിച്ചിട്ടുള്ള മഹത്തായ സേവനങ്ങൾ അംഗീകരിക്കുന്നതോടൊപ്പം അതിന് വയോജനങ്ങളോട് സമൂഹത്തിനും രാഷ്ട്രത്തിനുമുള്ള കടപ്പാട് പ്രകടിപ്പിക്കുകയും ചെയ്യുന്നു.

19. വയോജനങ്ങളുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നങ്ങളാണെന്നും സാമൂഹിക വികസനത്തിൽ വയോജനങ്ങൾക്ക് സജീവവും ഉത്പാദനക്ഷമവുമായ പങ്കാളിത്തത്തിന് അവസരങ്ങൾ സൃഷ്ടിച്ചുകൊടുക്കുവാൻ സർക്കാരിന് ധാർമ്മികവും ഭരണ ഘടനാപരവുമാ ബാധ്യതയുണ്ടെന്നും, പരിചരണത്തിനും പരിരക്ഷയ്ക്കും ഉപരിയായി സ്വാതന്ത്ര്യം, ആത്മസംതൃപ്തി, അന്തസ്സ് എന്നിവയ്ക്കുള്ള അവരുടെ അവകാശം ഉറപ്പാക്കണമെന്നും വയോജനങ്ങളെ സംബന്ധിച്ചുള്ള ഈ സർക്കാർ നയം അംഗീകരിക്കുന്നു.

20. വയോജനങ്ങളെ സാമ്പത്തികവും ആരോഗ്യപരവും സാമൂഹികവും വൈകാരികവുമായ തലങ്ങളിൽ ശാക്തീകരിക്കുവാനും അവർ ആത്മവിശ്വാസത്തോടെ ഫലപ്രദവും തൃപ്തികരവുമായ ജീവിതം നയിക്കുന്നതിനും പര്യാപ്ത സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ഈ നയം ക്രിയാത്മകവും സജീവവും നേതൃത്വപരവുമായ സർക്കാർ പങ്കാളിത്തം വിഭാവനം ചെയ്യുന്നു.

21. ശ്രദ്ധയും പരിചരണവും ആവശ്യമായ വയോജനങ്ങൾക്ക്, അതായത് എൺപതു വയസിനു മേൽ പ്രായമുള്ളവർ, വിധവകൾ, അവിവാഹിതരും കുട്ടികളില്ലാത്തവരുമായ സ്ത്രീകൾ, വികലാംഗർ, ദുർബലർ, അനാഥർ, വീട്ടിൽ മറ്റാരും ഇല്ലാത്തവർ, കുടുത്ത മാരകമായ രോഗം പിടിപെട്ടവർ, ബന്ധുക്കളാരും ഇല്ലാത്തവർ മുതലായവർക്ക് – ക്രിയാത്മക നടപടി മുഖേന പ്രത്യേക പരിപാലനവും പരിരക്ഷയും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ഈ നയം മുൻകൂട്ടികാണുന്നുണ്ട്.

22. യുവാക്കളും വയോജനങ്ങളും തമ്മിലുള്ള അഭിപ്രായ സമന്വയവും ഒരുമയും ഏതൊരു

സമൂഹത്തിന്റെയും കെട്ടുറപ്പിന് ആവശ്യമാണ്. ഈ വസ്തുത കണക്കിലെടുത്ത് അനുയോജ്യമായ കർമ്മ പരിപാടികൾ നടപ്പിലാക്കുന്നതാണ്.

23. പ്രായമായവരെ ഉചിതമായ രീതിയിൽ പരിപാലിക്കുന്ന കാര്യത്തിൽ കുടുംബങ്ങൾക്ക് പ്രോത്സാഹനം നല്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് ഈ നയം ഉദ്ദേശിക്കുന്നു. പ്രായമായവരെ സംരക്ഷിക്കുന്ന കാര്യത്തിൽ മക്കൾക്കും ബന്ധുക്കൾക്കുമുള്ള കടമകൾ ഉറപ്പാക്കുന്ന നിയമനിർമ്മാണം നടത്താനും ഉദ്ദേശമുണ്ട്.

24. വയോജനങ്ങളായ മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് പെൺമക്കളുടേയും ആൺമക്കളുടേയും തുല്യ അവകാശവും ചുമതലയുമായിരിക്കും.

25. അർഹരായ എല്ലാ വയോജനങ്ങൾക്കും തങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനു പര്യാപ്തമായ ഒരു തുക ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ ഒരു വയോജന പെൻഷൻ പദ്ധതി ഈ നയം വിഭാവന ചെയ്യുന്നു.

26. ചെലവു കുറഞ്ഞതും എല്ലാ വയോജനങ്ങൾക്കും അനുയോജ്യവുമായ ആരോഗ്യപരിപാലന സൗകര്യങ്ങൾ ലഭ്യമാക്കുകയെന്നത് ഈ നയത്തിന്റെ ലക്ഷ്യമാണ്.

27. സംസ്ഥാനത്തുള്ള വയോജനങ്ങൾക്ക് സ്ഥാപനപരമായ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന പ്രത്യേക ആവശ്യം പരിഗണിച്ച് വൃദ്ധരെ പരിപാലിക്കുന്ന സ്ഥാപനങ്ങൾ (വൃദ്ധസദനങ്ങൾ ഉൾപ്പെടെ) വികസിപ്പിക്കുന്നതിനും പ്രവർത്തനം സുഗമമാക്കുന്നതിനും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും പ്രോത്സാഹനങ്ങൾ നല്കാൻ ഈ നയത്തിൽ വ്യവസ്ഥ ചെയ്യുന്നു.

28. വയോജനങ്ങൾക്കു വേണ്ടിയുള്ള ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സർക്കാരിതര സംഘടനകളും ഉൾപ്പെടെയുള്ള തദ്ദേശ സമൂഹത്തിന് നിർണായകമായ പങ്കുള്ളതായി ഈ നയം അംഗീകരിക്കുന്നു. ഉചിതമായ സാമ്പത്തിക - സാമ്പത്തികേതര പ്രോത്സാഹനങ്ങളിലൂടെ ഇവയെ സഹായിക്കുകയും ചെയ്യുന്നതാണ്.

29. പ്രായമാവുകയെന്നത് തുടർച്ചയായ ഒരു പ്രക്രിയയാണെന്നും ഏതെങ്കിലും ഒരു നിശ്ചിത പ്രായത്തിൽ പൊടുന്നനേ സംഭവിക്കുന്ന ഒന്നല്ലെന്നുള്ള വസ്തുത ഈ നയം അംഗീകരിക്കു

ന്നു. തന്മൂലം ആരോഗ്യ പൂർണ്ണവും ഫലപ്രദവും ഊർജസ്വലവുമായ വാർധക്യ ജീവിതത്തിന് സജ്ജമാക്കുന്നതിനുവേണ്ടി അതിനു മുമ്പുള്ള പ്രായക്കാരെക്കൂടി ഈ നയം ഉൾക്കൊള്ളുന്നുണ്ട്.

## III. കർമ്മ പദ്ധതി

30. സർക്കാർ നയത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി വയോജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള ഒരു സമയാധിഷ്ഠിത കർമ്മപദ്ധതി സർക്കാർ രൂപവത്കരിക്കുന്നതാണ്.

**സാമ്പത്തിക സുരക്ഷ**

31. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ വാർധക്യകാല പെൻഷനുകളുടെ അടിയന്തരാവശ്യം പരിഗണിച്ച് സ്വീകർത്താവിന്റെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനു മതിയായ വാർധക്യകാല പെൻഷൻ നിലവിലുള്ള ചട്ടപ്രകാരം അർഹരായവർക്ക് സർക്കാർ ലഭ്യമാക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുന്നതാണ്. വിവിധ പെൻഷൻ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും സംയോജിപ്പിക്കുകയും ചെയ്യുക, ചട്ടങ്ങൾ ലഘൂകരിക്കുക, നടപടിക്രമങ്ങൾ സുതാര്യമാക്കുക, തദ്വാര ഗുണം ലഭിക്കേണ്ട എല്ലാവർക്കും, വിശേഷിച്ചും വിദ്യാവിഹീനരായ ഗ്രാമീണ വൃദ്ധർക്കും, പെൻഷൻ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുക എന്നീ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനുള്ള അർഹത നിശ്ചയിക്കുന്നതിലും അപേക്ഷ വേഗത്തിൽ അംഗീകരിക്കന്നതിലും വൃദ്ധർക്ക് - വിശേഷിച്ചും വിധവകൾ, അവിവാഹിതർ, കുട്ടികളില്ലാത്തവർ, ഒറ്റയ്ക്കു കഴിയുന്നവർ, ബന്ധുക്കൾ കൂടെയില്ലാത്തവർ തുടങ്ങിയവർക്ക് - പ്രത്യേക പരിഗണന നല്കുന്നതാണ്. ഒരാൾ അർഹമായ നിശ്ചിത പ്രായത്തിൽ എത്തിക്കഴിഞ്ഞാൽ പെൻഷൻ ലഭ്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുമുള്ള വ്യവസ്ഥകൾ പദ്ധതിയുടെ അവിഭാജ്യഘടകമായിരിക്കും.

32. എല്ലാ ക്ഷേമനിധി പദ്ധതികളും ദേശീയ സമീപനങ്ങൾക്ക് അനുസൃതമായി നവീകരിക്കുന്നതാണ്.

33. ജീവസന്ധാരണത്തിന് സ്വന്തം നിലയിൽ മാർഗമില്ലാത്ത മാതാപിതാക്കളെ പരിചരിക്കുന്നതിന് അവരുടെ വേണ്ടത്ര വരമാനമുള്ള മക്കളെ ബാദ്ധ്യസ്ഥരാക്കുന്ന ക്രിമിനൽ നടപടിക്രമം 1973-ലെ 125-ാം വകുപ്പ് പ്രകാരമുള്ള കേസ്സുകൾ സമയബന്ധിതമായി തർപ്പുകല്പിക്കുവാൻ സർക്കാർ ശ്രദ്ധിക്കുന്നതാണ്. വൃദ്ധമാതാപിതാക്കളുടെ പരിപാലനം, സംരക്ഷണം, പരിരക്ഷ എന്നിവ (Maintanance, Care and Protecton) നിർബന്ധമായും മക്കളുടെ കർത്തവ്യമാക്കിക്കൊണ്ട് പാർലമെന്റിന്റെ മുന്നിലുള്ള ബിൽ നിയമമാക്കുന്ന മുറയ്ക്ക് അത് കേരളത്തിൽ സത്വരമായി നടപ്പിലാക്കുന്നതാണ്.

34. എല്ലാ വയോജനങ്ങൾക്കും അവരുടെ വരുമാനം പരിഗണിക്കാതെ എല്ലാ പൊതുവാഹനങ്ങളിലും യാത്രക്കൂലിയിൽ പരമാവധി ഇളവനുവദിക്കുകയും അവർക്കു വേണ്ടി 10% സീറ്റുകൾ റിസർവ്വ് ചെയ്യുകയും ചെയ്യുന്നതാണ്. ബസ്സുകളിലും സ്റ്റേജ് കാര്യേജുകളിലും വൃദ്ധർക്കു കയ

റാവുന്ന തരത്തിൽ ചവിട്ടുപടികൾ ഘടിപ്പിക്കണമെന്ന് ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതാണ്.

35. ആശുപത്രികൾ, റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ വയോജനങ്ങൾക്കുവേണ്ടി നിശ്ചിത ശതമാനം ഇരിപ്പിടങ്ങൾ, എളുപ്പത്തിൽ തിരിച്ചറിയാവുന്ന തരത്തിൽ സജ്ജമാക്കേണ്ടതാണ്. അത്തരം ഇരിപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനമേധാവികളും വയോജനങ്ങൾക്ക് മാറ്റിവച്ചിട്ടുള്ള ഇരിപ്പിടങ്ങൾ അനർഹമായി ഉപയോഗിക്കുന്നവരും ശിക്ഷാർഹരായിരിക്കും.

36. തൊഴിൽ ചെയ്യുന്നതിനും ആദായകരമായ പ്രവൃത്തികളിൽ ഏർപ്പെടുന്നതിനും സർക്കാർ വയോജനങ്ങളെ സഹായിക്കുന്നതാണ്. അവർക്ക് തൊഴിൽ, മാർഗദർശനം, പരിശീലനം, പുതയ തൊഴിൽ സംരംഭങ്ങൾക്കുള്ള പരിചയം, സഹായസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്ന സർക്കാരിതര സംഘടനകൾക്കും മറ്റ് ഏജൻസികൾക്കും കൂടി ഈ സഹായം ലഭ്യമാക്കുന്നതാണ്.

37. വായ്പ എടുക്കൽ, ആരോഗ്യ ഇൻഷ്വറൻസ് എന്നിവയിൽ വയോജനങ്ങൾക്ക് നിലവിലുള്ള നിയന്ത്രണങ്ങൾ എടുത്തു കളയുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതാണ്.

38. റിട്ടയർ ചെയ്യുന്നവർക്ക് താമസംവിനാ പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുവാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

39. റിട്ടയർ ചെയ്തശേഷം ഊർജ്ജസ്വലതയോടെ ജീവിക്കുന്നതിനുള്ള ആസൂത്രണം വേണ്ടത്ര കാലേകൂട്ടി ആരംഭിക്കേണ്ടതാണ്. അതിനാൽ റിട്ടയർമെന്റിനു മുമ്പുള്ള കൗൺസലിംഗ് പരിപാടികൾക്ക് പ്രോത്സാഹനവും സഹായവും നല്കുന്നതാണ്.

40. വാർദ്ധക്യാവസ്ഥയിലെത്തുന്നതിനു മുമ്പ് ഓരോ വ്യക്തിക്കും ലഭിക്കുന്ന വരുമാനത്തിൽ ഒരു ഭാഗം സമ്പാദ്യമായി സ്വീകരിക്കുന്നതും അത് അവരുടെ വാർദ്ധക്യകാലത്ത് വിനിയോഗിക്കുവാൻ ഉപയുക്തമാകുന്ന രീതിയിലുള്ള സുരക്ഷിതവും ആദായകരവുമായ നിക്ഷേപ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നതുമാണ്. കൂടാതെ വാർദ്ധക്യകാല ജീവിതം സുരക്ഷിതവും ഫലപ്രദവുമാക്കുന്നതിലേക്ക് ഉചിതമായ സഹായവും മാർഗനിർദ്ദേശവും നല്കി വരുമാനവിഭാഗക്കാരെ പ്രോത്സാഹിപ്പിക്കുന്നതാണ്.

41. സംസ്ഥാനത്തെ ട്രഷറികളിൽ വയോജനങ്ങളായ പെൻഷൻകാർക്ക് പ്രത്യേക കൗണ്ടർ, വിശ്രമത്തിനും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തും.

42. അറുപത് വയസ്സ് കഴിഞ്ഞ വിദഗ്ദ്ധരുടെ സന്നദ്ധസേവനം സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കും.

43. വൃദ്ധരുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതാണ്.

**ആരോഗ്യ സേവനങ്ങൾ**

44. ഏതു വ്യക്തിയെ സംബന്ധിച്ചും ആരോഗ്യം ഒരു പ്രധാന വിഷയമാണ്. എന്നാൽ വൃദ്ധരെ സംബന്ധിച്ചിടത്തോളം ഇതിന് കൂടുതൽ പ്രസക്തിയും ഉയർന്ന മുൻഗണനയുമുണ്ട്.

എന്തുകൊണ്ടെന്നാൽ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണ് വാർദ്ധക്യം. പല വൃദ്ധകാലരോഗങ്ങളും ദീർഘകാലം നിലനില്ക്കുന്നതും ബഹുവിധ രോഗങ്ങളായി വികസിക്കാൻ സാധ്യതയുള്ളവയുമാണ്. ഇവയ്ക്കുള്ള ചികിത്സ നീണ്ടകാലം വേണ്ടിവരുന്നതും വരുമാനമുള്ളവർക്ക് പോലും താങ്ങാനാവാത്തതുമായിരിക്കും.

45. അതിനാൽ വയോജനങ്ങൾക്കുവേണ്ടി സമഗ്രമായ ഒരു ആരോഗ്യ ഇൻഷ്വറൻസ് പരിപാടി ആവിഷ്കരിക്കുവാൻ സർക്കാർ ആഗ്രഹിക്കുന്നു. വൃദ്ധജനങ്ങൾക്കുള്ള ചികിത്സാ ചെലവുകളിൽ കിഴിവ് അനുവദിക്കുവാൻ സ്വകാര്യ ആശുപത്രികളെ പ്രേരിപ്പിക്കുന്നതാണ്. ആശുപത്രികളിൽ വിവിധ കൗണ്ടറുകളിൽ പോവുകയും അവിടെയെല്ലാം ദീർഘനേരം കാത്തു നില്ക്കുകയും ചെയ്യേണ്ട അവസ്ഥ ഒഴിവാക്കും. വൃദ്ധരെ ചികിത്സിക്കുന്നതിന് പ്രത്യേക സംവിധാനങ്ങളും നിശ്ചിത ദിവസങ്ങളിൽ സൗകര്യപ്രദമായ സമയവും ഏർപ്പാടാക്കുന്നതാണ്.

46. ഇന്ത്യയിൽ ഏറ്റവും മികച്ച ചികിത്സാ സംവിധാവും ഏറ്റവും ഉയർന്ന വൃദ്ധജനാനുപാതവും ഉള്ളത് കേരളത്തിലാണെങ്കിലും വൃദ്ധരുടെ ആരോഗ്യസംരക്ഷണ പരിപാടി ഈ സംസ്ഥാനത്ത് ഇതുവരെയും വേരുറച്ചിട്ടില്ല. ആരോഗ്യ പരിപാലന സംവിധാനത്തിൽ വൃദ്ധ ചികിത്സ കൂടി ഉൾപ്പെടുത്തുന്നതിന് പ്രോത്സാഹനം നല്കുവാൻ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന പൊതുജനാരോഗ്യ വകുപ്പ് ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് വൃദ്ധപരിചരണത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഇപ്രകാരം സമയബന്ധിതമായി ആരോഗ്യ സേവനരംഗത്തുള്ള മുഴുവൻ സ്റ്റാഫിനും ഈ പരിശീലനം നല്കും. ബഹുമുഖ പ്രവർത്തനങ്ങളിലൂടെ ഈ ലക്ഷ്യം കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജാശുപത്രികൾ വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും വൃദ്ധ ചികിത്സയ്ക്കുള്ള സൗകര്യങ്ങളും ഈ ചികിത്സയിൽ പരിശീലനം നേടിയ മെഡിക്കൽ - പാരാമെഡിക്കൽ സ്റ്റാഫും ഉണ്ടായിരിക്കുന്നതാണ്. സ്വകാര്യ ആശുപത്രികളിലും ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മൊത്തം ശേഷിയുടെ 10 ശതമാനമെങ്കിലും വൃദ്ധ ചികിത്സയ്ക്കായി മാറ്റി വയ്ക്കുന്നതിനും ജെറിയാട്രിക് വാർഡുകൾ ആരംഭിക്കുന്നതിനും സ്വാകാര്യാശുപത്രി അധികൃതരോട് ആവശ്യപ്പെടുന്നതാണ്. അവിടങ്ങളിലെ ഡോക്ടർമാർക്കും മറ്റും ലഭ്യമായ സർക്കാർ സൗകര്യങ്ങളുപയോഗിച്ച് വൃദ്ധചികിത്സയിൽ പരിശീലനം നല്കും.

47. വൃദ്ധരിൽ ബഹുഭൂരിപക്ഷവും ഗ്രാമ പ്രദേശങ്ങളിൽ വസിക്കുന്നതിനാൽ അവരുടെ ആരോഗ്യകാര്യങ്ങൾ നോക്കുന്നത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന ആയിരിക്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വൃദ്ധരുടെ ആരോഗ്യപ്രശ്നങ്ങളും ആവശ്യങ്ങളും കൈകാര്യം ചെയ്യുന്ന നിലയിലേക്ക് മാറുകയാണെങ്കിൽ വിശേഷിച്ചും ഗ്രാമീണരും പാവപ്പെട്ടവരുമായ വൃദ്ധരുടെ കാര്യത്തിൽ ജനവിഭാഗത്തിന് താങ്ങാവുന്ന തരത്തിൽ ചെലവു കുറഞ്ഞ ആരോഗ്യ പരിപാലന സൗകര്യങ്ങൾ ലഭിക്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇപ്പോൾ ചെയ്യുന്ന പ്രതിരോധപരവും രോഗസൗഖ്യപരവും ആരോഗ്യപുനഃസ്ഥാപനപരവും പുനരധിവാസപരമായ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കു പുറമേ വൃദ്ധരുടെ ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ കൂടി നിറവേറ്റത്തക്കവിധം അവയെ ശക്തിപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നതാണ്. വൃദ്ധ ചികിത്സയ്ക്കാവശ്യമായ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുദ്ദേശിക്കുന്ന താലൂ

ക്ക്, ജില്ലാ, സംസ്ഥാന തല ആശുപത്രികളുമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതാണ്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ മെഡിക്കൽ - നഴ്സിംഗ് സ്റ്റാഫിന് വൃദ്ധചികിത്സയിൽ ഇൻസർവീസ് പരിശീലനം നല്കുന്നതാണ്.

48. ആഗോളവത്കരണത്തിന്റെയും ആരോഗ്യസേവനങ്ങളുടെ വാണിജ്യവത്കരണത്തിന്റെയും പശ്ചാത്തലത്തിൽ വൻതോതിൽ ഉയർന്നു വന്നിട്ടുള്ള ആശുപത്രികളിൽ പാവപ്പെട്ട വൃദ്ധരുടെ ആരോഗ്യപരമായ ആവശ്യങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

(എ) സർക്കാർ മേഖലയിലെ ആരോഗ്യ സേവനം വികസിപ്പിക്കുകയും അവയുടെഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ട് അവ താങ്ങാവുന്ന തരത്തിൽ ചെലവു കുറഞ്ഞതും ജനങ്ങൾക്ക് സ്വീകാര്യമയതുമാക്കിത്തീർക്കും.

(ബി) ആരോഗ്യ പരിപാലനത്തിന് സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. ആശുപത്രികളുടെ പ്രവർത്തനം, ചികിത്സാച്ചെലവുകൾ, പ്രധാനപ്പെട്ട ജീവൻ രക്ഷാ മരുന്നുകളുടെ വില മുതലായവ നിയന്ത്രിക്കുകയും ചികിത്സാ വ്യവസായത്തിന്റെ മേൽ ധാർമ്മിക സംഹിത പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യും.

(സി)പാവപ്പെട്ട വൃദ്ധരോഗികളുടെ ചികിത്സയ്ക്ക് ധനസഹായം നല്കുന്നതിനുവേണ്ടി ഒരു ദുരിതാശ്വാസ ഫണ്ട് രൂപവത്കരിക്കുവാൻ സ്വാകാര്യ മേഖലയലിൽ പ്രവർത്തിക്കുന്ന ആശുപത്രികളോട് സർക്കാർ ആവശ്യപ്പെടും.

49. വൃദ്ധർക്കു വേണ്ടി ഒരു ആരോഗ്യ സേവനപായ്ക്കേജ് രൂപവത്ക്കരിക്കുന്നതാണ്. സൗജന്യ മെഡിക്കൽ പരിശോധന, കൃത്യമായ ഇടവേളവച്ചുള്ള ക്ലിനിക്കൽ സേവനങ്ങൾ, മരുന്ന്, ശ്രവണസഹായികൾ, കണ്ണടകൾ എന്നിവ ലഭ്യമാക്കൽ മുതലായവ ഈ പായ്ക്കേജിൽ ഉൾപ്പെടും. വികലാംഗരായ വൃദ്ധർക്കു വേണ്ടിയും ഒരു ആരോഗ്യ പായ്ക്കേജ് ഉണ്ടാക്കുന്നതാണ്. നടക്കാനും മറ്റും സഹായിക്കുന്ന ഉപകരണങ്ങൾ സൗജന്യമായി നല്കുന്നതുൾപ്പെടെയുള്ള അധിക സേവനങ്ങൾ ഇതിൽ ഉൾപ്പെടുത്തുന്നതാണ്.

50. പ്രായം ചെന്ന സ്ത്രീകളുടെ പല ആവശ്യങ്ങളും പുരുഷന്മാരുടേതിൽ നിന്ന് വ്യത്യസ്തമാകയാൽ അവരുടെ ആരോഗ്യപരിപാലന പരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കും.

51. ഗ്രാമങ്ങളിലെ പാവപ്പെട്ട വൃദ്ധർക്കും പ്രത്യേക പരിഗണന ആവശ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് വൃദ്ധപരിചരണത്തിനുള്ള സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ ലഭ്യമാക്കുന്നതാണ്. ഗ്രാമീണവൃദ്ധർക്ക് വിശേഷിച്ചും പാവപെട്ടവർക്ക് ചികിത്സാസഹായം എത്തിച്ചുകൊടുക്കുന്നതിനു വേണ്ടിയാണീ ഈ സംവിധാനം ഏർപ്പെടുത്തുന്നത്.

52. വൃദ്ധരുടെ ആരോഗ്യപരിപാലനത്തിൽ പ്രധാനപ്പെട്ട ഒരു ഘടകമാണ് പോഷകാഹാരം. എന്നാൽ അഭ്യസ്ത വിദ്യരായ വൃദ്ധർ പോലും അതിന്റെ പ്രാധാന്യം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. ഈ അജ്ഞത അകറ്റുന്നതിനു വേണ്ടി വൃദ്ധർക്കും അവരുടെ കുടുംബാംഗങ്ങൾക്കു പോഷകാഹാരസംബന്ധമായ ബോധനവും പരിശീലനവും നല്കുന്നതാണ്.

53. പാവപ്പെട്ട വൃദ്ധരുടെ മരണകാരണങ്ങളിൽ മുഖ്യമായത് പോഷകാഹാരത്തിന്റെ അഭാവം മൂലമുള്ള രക്തക്കുറവാകയാൽ സംയോജിത ശിശുവികസന പദ്ധതിയിലൂടെയും മറ്റുപ

രിപാടികളിലൂടെയും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യപോഷകാഹാരം ത്രിതല പഞ്ചായത്തുകൾ വഴി ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതാണ്.

54. വൃദ്ധരുടെ ആരോഗ്യപരിപാലനത്തിൽ കുടുംബത്തിനുള്ള അതുല്യസ്ഥാനം അംഗീകരിച്ചുകൊണ്ട് ഭക്ഷണം, വ്യായാമം, ശുചിത്വം, ആരോഗ്യപരിരക്ഷ മുതലായവ സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ ബോധവൽക്കരണം നടത്തുന്നതാണ്. അംഗീകൃത സ്ഥാപനങ്ങൾ മുഖേന പെൺകുട്ടികൾക്ക് വൃദ്ധപരിചരണത്തിൽ പരിശീലനം നല്കുന്നതാണ്. കുടുംബങ്ങളിൽ ഹോം നഴ്സുമാരെ എത്തിച്ചുകൊടുക്കുന്ന ഏജൻസികളുടെ മേൽനോട്ടവും നിയന്ത്രണവും കൂടി സർക്കാർ നിർവഹിക്കുന്നതാണ്.

55. തന്റെ ആരോഗ്യം നിലനിർത്തുകയെന്നത് ഓരോ വ്യക്തിയുടേയും സ്വന്തം ഉത്തരവാദിത്തമാണ്. ശരിയായ ആരോഗ്യവിദ്യാഭ്യാസത്തിലൂടെ വൃദ്ധർക്ക് ഇക്കാര്യം ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം. വ്യായാമം, ശരിയായ ഭക്ഷണരീതികൾ, ആഹാരത്തിൽ വേണ്ടത്ര പോഷകങ്ങൾ, അടിസ്ഥാനപരമായ ആരോഗ്യ-ശുചിത്വ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നല്കുന്നതിന്, വിശേഷിച്ചും ഗ്രാമവാസികളായ വൃദ്ധരുടെ കാര്യത്തിൽ ബുക്ക്‌ലെറ്റുകൾ, ബ്രോഷറുകൾ, മറ്റ് വൈജ്ഞിനികസാമഗ്രികൾ എന്നിവ കുടുംബങ്ങളിൽ സൗജന്യമായി ലഭ്യമാക്കുന്നതാണ്. വൃദ്ധരെ പരിചരിക്കേണ്ട രീതികൾ, ആരോഗ്യമാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം, വൃദ്ധർക്കുവേണ്ടയുള്ള ഹെൽത്ത് പായ്ക്കേജു പ്രകാരം ലഭിക്കുന്ന സേവനങ്ങൾ മുതലായ കാര്യങ്ങളെക്കുറിച്ചായിരിക്കും ഇത്തരം പ്രസിദ്ധീകരണങ്ങളിൽ പ്രതിപാദിക്കുന്നത്.

56. വാർധക്യകാലത്ത് ശാരീരികവും മാനസികവുമായി നല്ല ആരോഗ്യം നിലനിർത്തുവാനുള്ള മാർഗ്ഗങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി പൊതുജനാരോഗ്യ വകുപ്പിലെ മാസ്സ് മീഡിയാ ഏജൻസി മുഖേന ബഹുജന വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. കുഗ്രാമങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് ഈ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുന്നതിന് ബഹുജന സമ്പർക്കമാധ്യമങ്ങളുടെ ചാനലുകൾ, നാടൻ കലകൾ, മറ്റ് പാരമ്പര്യ കലാരൂപങ്ങൾ എന്നിവയുടെ സഹായം തേടുന്നതാണ്. ആരോഗ്യപൂർണമായ വാർധക്യത്തിനുവേണ്ടിയുള്ള ജീവിതശൈലിയുടെ മുന്നൊരുക്കം 60-ാം വയസ്സിലെത്തുമ്പോഴല്ല, വളരെനേരത്തെ തന്നെ ആരംഭിക്കേണ്ടതാണ്. നല്ല ആരോഗ്യം നിലനിർത്തുന്നതിനും വൈകല്യങ്ങൾ തടയുന്നതിനും പ്രതിരോധ ചികിത്സയും കാലേക്കൂട്ടിയുള്ള രോഗനിർണയവും ഏറെ സഹായിക്കും.

57. വയോജനങ്ങൾക്കു വേണ്ടിയുള്ള ആരോഗ്യരക്ഷാ പായ്ക്കേജ് വിജയകരമായി നടപ്പാക്കുന്നതിന് മറ്റ് സർക്കാർ വകുപ്പുകളുടെ വിശേഷിച്ചും പൊതുജനാരോഗ്യ വകുപ്പിന്റെ സജീവമായ സഹകരണവും പങ്കാളിത്തവും ഉണ്ടാവുമെന്ന് ഈ നയം വിഭാവനം ചെയ്യുന്നു. ചികിത്സാമേഖല, സർക്കാരിതര സംഘടനകൾ, സാമൂഹികശാസ്ത്രജ്ഞർ, സാമൂഹികപ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം കൂടി ഉറപ്പു വരുത്തിയാലേ ഈ പരിപാടി വിജയകരമായി നടപ്പാക്കാൻ കഴിയൂ. വയോജനശുശ്രൂഷയിൽ ഇവർക്കേവർക്കുമുള്ള പ്രാഗല്ഭ്യം വർധിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതാണ്. കൂടാതെ ഈ മേഖലകളിൽ മികച്ചപ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് ക്യാഷ് അവാർഡുകളും ഏർപ്പെടുത്തും.

58. എം.ബി.ബി.എസ്, എം.ഡി, സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലും നഴ്സിംഗിന്റെ പാഠ്യപദ്ധതിയിലും വൃദ്ധപരിചരണം ഒരു പഠന വിഷയമായി ഉൾപ്പെടുത്തുന്നതാണ്.

59. സംസ്ഥാനത്തുള്ള സർവകലാശാലകളിലെ സാമൂഹിക ശാസ്ത്ര വകുപ്പുകളിലും സാമൂഹിക പ്രവർത്തന സ്കൂളുകളിലും വാർദ്ധക്യ വിജ്ഞാനം, വാർദ്ധക്യ ശുശ്രൂഷ എന്നീ വിഷയ

ങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെ സർക്കാർ പ്രോത്സാഹിപ്പിക്കും.

60. വയോജനങ്ങളുടെ ലഘുവ്യായാമത്തിനായി സംസ്ഥാനത്തെ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും സ്ഥല സൗകര്യങ്ങളും മറ്റ് ആരോഗ്യ വർദ്ധക സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് ആവശ്യപ്പെടുന്നതാണ്.

61. വയോജനങ്ങളുടെ ചികിത്സയിൽ മറ്റ് ചികിത്സാരീതികളായ ഹോളിസ്റ്റിക്ക് മെഡിസിൻ, നാചറോപ്പതി, യുനാനി, സിദ്ധ, യോഗ, എത്ത്നോമെഡിസിൻ എന്നിവ കൂടി ഉൾപ്പെടുത്തും.

**കുടുംബം**

62. വൃദ്ധപരിചരണത്തിനുള്ള അടിസ്ഥാന യൂണിറ്റായി കുടുംബത്തെ പരിഗണിക്കുന്നതാണ്. ഇന്ത്യയിൽ അനൗപചാരിക സാമൂഹിക സുരക്ഷയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഉപാധിയാണിത്. വൃദ്ധരിൽ ബഹുഭൂരിപക്ഷം ഒന്നോ അതിലധികമോ മക്കളോടൊപ്പമാണ് കഴിയാറുള്ളത്. വിശേഷിച്ചും സ്വതന്ത്ര്യ ജീവിതം അസാധ്യമായിത്തീരുമ്പോൾ. വൃദ്ധർ ഏറ്റവുമധികം ആഗ്രഹിക്കുന്നതും അവർക്ക് ഏറ്റവുമധികം വൈകാരികസംതൃപ്തി നല്കുന്നതും ഇത്തരം താമസമാണ്. അതിനാൽ ഉചിതമായ പ്രോത്സാഹനനടപടികളിലൂടെ, വൃദ്ധജനശുശ്രൂഷ എന്ന കടമ നിറവേറ്റുന്നതിൽ കുടുംബത്തിനുള്ള കഴിവ് വർധിപ്പിക്കേണ്ടയിരിക്കുന്നു. സ്കൂൾ പാഠ്യപദ്ധതികളിലൂടെയും എളുപ്പം മനസ്സിലാക്കാൻ കഴിയുന്ന ബോധന സാമഗ്രികളിലൂടെയും യുവാക്കളിൽ കുടുംബസംബന്ധമായ മൂല്യബോധം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ വികസിപ്പിച്ചെടുക്കും. വ്യത്യസ്ത തലമുറകൾ തമ്മിലുള്ള ബന്ധത്തിന്റെയും നൈരന്തര്യത്തിന്റെയും ആവശ്യകത, അഭിലഷണീയത എന്നിവയും മാതാപിതാക്കളോട് മക്കൾക്കുള്ള കടമ നിറവേറ്റണ്ടതിന്റെ അനിവാര്യതയും യുവാക്കളെ ബോധ്യപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. എല്ലാ നഗര പ്രദേശങ്ങളിലും വൃദ്ധർക്കുവേണ്ടി രാവും പകലും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്തെങ്കിലും സഹായം ആവശ്യമുള്ള പക്ഷം കുടുംബങ്ങൾക്കും, വ്യക്തികൾക്കും ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

63. ഓരോ ബ്ലോക്കു പഞ്ചായത്തിലും കമ്യൂണിറ്റി–കം–ഡേ കെയർ സെന്ററുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ഡേ കെയർ സെന്ററിനും ഈ പ്രോത്സാഹനം ലഭിക്കും. കമ്മ്യൂണിററി സെന്ററുകൾ ഒരു ബഹുകാര്യസേവന കേന്ദ്രമായിരിക്കും. ബ്ലോക്ക് പഞ്ചായത്തോ, ആ പ്രദേശത്തെ ഒരു സർക്കാരിതര സംഘടനയോ പ്രസ്തുത കേന്ദ്രങ്ങൾ നടത്തുന്നതാണ് അഭിലഷണീയം. സർക്കാർ ഇതര സംഘടനകൾ നടത്തുന്ന കേന്ദ്രങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നോ സർക്കാരിൽ നിന്നോ ഉചിതമായ ധനസഹായം ലഭ്യമാക്കുന്നതാണ്. വൃദ്ധർക്കുവേണ്ടിയുള്ള ഡേ കെയർ സെന്റുകൾക്കു പുറമേ, ഈ സെന്ററുകളിൽ മുതിർന്നവരെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളും, കുടുംബാംഗങ്ങളും മുതിർന്നവരും തമ്മിലുള്ള പ്രശ്നങ്ങളും കൗൺസലിംഗ് മുഖാന്തിരം പരിഹരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. വയോജനങ്ങളെ തളർത്തുന്ന ഏകാന്തതയ്ക്കും, തുടർന്നുണ്ടാകുന്ന വിഷമതകൾക്കും പരിഹാരമായി ഒരുമിച്ച്കൂടുവാനും ചർച്ചകൾ നടത്തുന്നതിനും പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നതിനും മാനസികോല്ലാസത്തിന് വേണ്ടിയുള്ള നല്ല പരിപാടികളിൽ ഏർപ്പെടുന്നതിനും, ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതിനും പര്യാപ്തമായ രീതിയിൽ പകൽപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ സന്നദ്ധസംഘടനകൾക്ക് പ്രോത്സാഹനം നല്കും. റിട്ടയർമെന്റിന് മുമ്പും പിമ്പുമുള്ള കാര്യങ്ങളെയും ആരോഗ്യം, ആരോഗ്യകരമായ ശീലങ്ങൾ, പോഷകാഹാരം, വിജയകരമായ/സജീവമായ/ആരോഗ്യപൂർണമായ വാർധക്യ ജീവിതം എന്നിവയെയും സംബ

ന്ധിച്ചു മാർഗോപദേശങ്ങളും ഇവിടെ നിന്ന് ലഭിക്കുന്നകാണ്. സെന്ററിൽ ഫസ്റ്റ് എയ്ഡ്സെല്ലും പാരാമെഡിക്കൽ സൗകര്യങ്ങളും കൂടി ഉണ്ടായിരിക്കുന്നതാണ്. പ്രായാധിക്യവും രോഗങ്ങളും മൂലം സെന്ററിൽ എത്തിച്ചേരാൻ കഴിയാത്ത വൃദ്ധർക്കും സേവനങ്ങൾ എത്തിച്ചുകൊടുക്കും. പ്രധാനമായും സ്ഥലത്തെ വൃദ്ധർ ഉൾപ്പെടുന്ന ഒരു മാനേജിംഗ് കമ്മിറ്റി ഓരോ സെന്ററിലും ഉണ്ടായിരിക്കും. റിട്ടയർ ചെയ്ത വിദഗ്ദരുടെയും പ്രൊഫഷനലുകളുടെയും സേവനം വയോജന ങ്ങൾക്കുവേണ്ടി സെന്റർതരപ്പെടുത്തുന്നതാണ്. ഇപ്രകാരം നടക്കുകയാണെങ്കിൽ വയേജനങ്ങ ളുള്ള കുടുംബങ്ങളുടെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്ന കാര്യത്തിൽ സെന്ററിന് ബഹുദൂരം മുന്നേറുവാൻ കഴിയും.

## സ്ഥാപനാപരമായ സംരക്ഷ

64. അടുത്തകാലത്തായി കേരളത്തിൽ അനവധി വൃദ്ധ സദനങ്ങൾ ഉണ്ടായിക്കൊണ്ടി രിക്കുകയാണ്. 2004-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 164 വൃദ്ധസദനങ്ങളാ ണുള്ളത്. അവയിലെല്ലാം കൂടി 5400 അന്തേവാസികളുണ്ട്. സ്ഥാപനങ്ങളിലധി കവും നിരാശ്രയർക്കുവേണ്ടിയുള്ളവയാണ്. പണം കൊടുത്തു താമസിക്കാവുന്ന വൃദ്ധസ ദനങ്ങളുടെ ആവശ്യവും വർധിച്ചു വരുന്നു. വൃദ്ധസദനങ്ങൾക്കു വേണ്ടിയുള്ള അന്വേഷണം വിശേഷിച്ചു ബന്ധുക്കളില്ലാത്തവരും നിർദ്ധരരുമായ വൃദ്ധരുടേത്. വർദ്ധിച്ചുവ രുന്ന സാഹചര്യത്തിൽ അവ സ്ഥാപിക്കുന്നതിന് സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പി ക്കുന്നതാണ്. ഓരോ ബ്ളോക്കു പഞ്ചായത്തിലും പാവപ്പെട്ടവർക്കുവേണ്ടി വൃദ്ധ സദനം സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

65. നിലവിലുള്ള വൃദ്ധസദനങ്ങൾക്ക് ഒട്ടേറെ പോരായ്മകളുണ്ട്. പരിശീ ലനം നേടിയ കൗൺസിലറുടെ അഥവാ സോഷ്യൽ വക്കറുടെ അഭാവം, സ്ഥലപരിമിതി, അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ, മെഡികക്കൽ സഹായത്തിന്റെ ലഭ്യമില്ലായ്മ, നല്ല മാനേജ്മെന്റിന്റെ അഭാവം എന്നിവ ഈ പോരായ്മകളിൽപ്പെടുന്നു. ഇത്തരം സ്ഥാപനങ്ങ ളുടെ നിലവാരം ഉയർത്തുവാൻ സർക്കാർ ഉചിതമായ നടപടികൾ എടുക്കും. പുതു തായി തുടങ്ങുന്ന വൃദ്ധ സദനങ്ങൾ നിശ്ചിത മാനദണ്ഡങ്ങളനുസരിച്ച് നിർമ്മിക്കണമെന്ന് സർക്കാർ കർശനമായി ആവശ്യപ്പെടുന്നതാണ്. ഗുണനിലവാരം സംബന്ധിച്ച നിബന്ധന കളും അവർക്ക് ബാധകമാക്കുന്നതാണ്. ഇപ്പോൾ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നത് സംസ്ഥാന അനാഥാലയ നിയന്ത്രണബോർഡിന്റെ കീഴിലാണ്. വൃദ്ധസദനങ്ങളുടെ മേൽനോട്ട ച്ചുമതല സാമൂഹ്യക്ഷേമ വകുപ്പിനായിരിക്കും. ഈ സദനങ്ങൾക്കുവേണ്ടി ഒരു സംസ്ഥാ നതല ഉപദേശക സമിതിയും രൂപവത്ക്കരിക്കുന്നതാണ്. ജില്ലാ ബ്ളോക്കു തലങ്ങളിൽ വൃദ്ധസ ദനങ്ങളുടെ കാര്യങ്ങൾ നോക്കുന്നതിനായി സന്ദർശക സമിതികളും (visiting committees) ഉണ്ടായിരിക്കുന്നതാണ്.

## പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ

66. കേരളത്തിലെ വയോജനങ്ങൾക്കു വേണ്ടിയുള്ള കർമ്മ പദ്ധതിയിലെ വിവിധ പരിപാടി തദ്ദേശീയതലത്തിൽ നടപ്പാക്കാനുള്ള ഔപചാരികമായ അടിസ്ഥാന ഏജൻസി ഗ്രാമപഞ്ചായത്ത് ആയിരിക്കും. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിശദ വിവരങ്ങളടക്കം അതതുപ്രദേശത്ത് 60 വയസ്സിലധികം പ്രായമുള്ളവരുടെ അപ്പപ്പോഴുള്ള കണക്കു സൂക്ഷിക്കുക, വാർദ്ധക്യകാല പെൻഷന് അർഹതയുള്ളവരെ കണ്ടെത്തുകയും അംഗീകരിക്കുകയും ചെയ്യുക. അർഹതയുള്ള വർക്ക് പെൻഷൻ നല്കുക. ഡേകെയർ സെന്ററുകളുടെയും കമ്യൂണിറ്റി സെന്ററുകളുടെയും ആ പ്രദേശതത്ത് വൃദ്ധർക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള മറ്റെല്ലാ സൗകര്യങ്ങളുടെയും നടത്തിപ്പ്,

മേൽനോട്ടം എന്നിവ നിർവഹിക്കുക തുടങ്ങിയ ചുമതലകളാണ് ഗ്രാമപഞ്ചായത്തിനുള്ളത്. പഞ്ചായത്ത് ഓരോ വർഷവും 10 % തുക വയോജനങ്ങളുടെ ക്ഷേമത്തിനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെടുന്നതാണ്. കൂടാതെ വയോജനങ്ങളുടെ പ്രശ് നങ്ങൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി സാമൂഹ്യനീതിയ്ക്കായി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി രൂപവത്ക്കരിക്കുന്നത് ഉചിതമായിരിക്കും.

67. വയോജനങ്ങൾക്ക് തങ്ങളുടെ ആശങ്കകളും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും തങ്ങൾക്കു സർക്കാർ സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്തി പ്രതികരിക്കുന്നതിനും ബന്ധപ്പെട്ട വയോജനങ്ങളുടെ ഒരു വേദി ഉണ്ടായിരിക്കുന്നത് അഭിലഷണീയമാണ്. അതനുസരിച്ച് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, സിറ്റി കോർപറേഷൻ എന്നീ വ്യത്യസ്ത തലങ്ങളിൽ വയോജന വേദികൾ രൂപവത്ക്കരിക്കേണ്ടതാണ്. ഈ സമിതികളിൽ വൃദ്ധ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നല്കണം. സിറ്റി കോർപറേഷൻ മേയർ, മുനിസിപ്പാലിറ്റി ചെയർ പേഴ്സൺ, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവർ അതതു വേദിയുടെ രക്ഷാധികാരി ആയിരിക്കും. ഓരോ പ്രദേശത്തും വൃദ്ധർക്കു വേണ്ടി ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ഈ വേദികൾക്ക് മുഖ്യപങ്ക് ഉണ്ടായിരിക്കുന്നതാണ്. കുടുംബങ്ങളും വൃദ്ധരും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സ്വാശ്രയ-കുടുംബശ്രീ ഗ്രൂപ്പുകളായി വയോജനവേദിയെ ബന്ധിപ്പിക്കുന്ന കാര്യത്തിലും ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന് നിർണായകമായ പങ്കുണ്ടായിരിക്കും. നഗരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന റസിഡന്റ്സ് അസ്സോസിയേഷനുകളിൽ വയോജനങ്ങൾക്കുവേണ്ടി പ്രത്യേക സെൽ രൂപീകരിക്കുകയും അവരുടെ പ്രശ്നങ്ങൾ സൗകര്യങ്ങൾ എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും എത്തിച്ചു കൊടുക്കേണ്ടതാണ്.

68. ഓരോ അഞ്ചുവർഷം കൂടുമ്പോഴും ഓരോ വാർഡിലുമുള്ള വയോജനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി തദ്ദേശസ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപറേഷനുകൾ പ്രസിദ്ധീകരിക്കണം.

69. ഗ്രാമസഭകളിൽ മുതിർന്ന പൗരൻമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതും അവരുടെ പ്രയോജനകരമായ നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകുന്നതുമാണ്.

## സർക്കാരിതര സംഘടനകൾ

70. മറ്റ് മിക്ക സംസ്ഥാനങ്ങളിലുമെന്നപോലെ കേരളത്തിലും കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകൾക്കിടയിൽ വയോജനങ്ങളുടേതായ ഒട്ടേറെ സംഘടനകളും വേദികളും രൂപവത്ക്കരിച്ചിട്ടുണ്ട്. വയോജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നല്കുക, തങ്ങളുടെ അറിവും അനുഭവസമ്പത്തും രാഷ്ട്രവികസനത്തിനും ജനങ്ങളുടെ പുരോഗതിക്കും വേണ്ടി വിനിയോഗിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇത്തരം പ്രസ്ഥാനങ്ങൾക്കുള്ളത്. വയോജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഗണിക്കുന്നതിൽ സർക്കാരിനും കുടുംബത്തിനും സമ്പൂർണമായി നീതിചെയ്യാൻ കഴിയാത്ത സാഹചര്യത്തിലാണ് വയോജന സംഘടനകളുടെയും വേദികളുടെയും പങ്കാളിത്തം സുപ്രധാനമായിത്തീരുന്നത്. ഇങ്ങനെയുള്ള സർക്കാരിതര സംഘടനകൾക്ക് വൃദ്ധ സദനങ്ങളും ഡേ കെയർ സെന്ററുകളും സ്ഥാപിച്ചു നടത്തുക, വയോജനങ്ങൾക്കുവേണ്ടി കേന്ദ്രസംസ്ഥാന സർക്കാരുകൾ സംഘടിപ്പിച്ചിട്ടുള്ളതും ധനസഹായം ചെയ്യുന്ന

തുമായ പല ക്ഷേമ പദ്ധതികളും ഏറ്റെടുത്തു നടത്തുക, ഗുണഭോക്താക്കൾക്ക് ഗുണം ചെയ്യുന്നതും താങ്ങാനാവും വിധം ചെലവു കുറഞ്ഞതുമായ നിരവധി സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഈ വഴിക്കുള്ള സർക്കാരിന്റെ ഉദ്യമങ്ങളെ സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ ഇവർക്ക് ചെയ്യാവുന്നതാണ്. വയോജന ക്ഷേമത്തിന് വേണ്ടി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടികൾ ഈ സംഘടനകൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയും. ഇങ്ങനെയുള്ള സംഘടനകൾക്ക് സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഭൂമി നല്കുക, സംഘടനയുടെ പ്രവർത്തനത്തിനായി കെട്ടിടം പണിയാൻ ധനസഹായം ലഭ്യമാക്കുക എന്നീ കാര്യങ്ങളിൽ സാധ്യമായ എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുന്നതാണ്.

71. തൊഴിലാളികളുടെയും തൊഴിൽദായകരുടെയും പ്രൊഫഷണലുകളുടെയും സംഘടനകളോട് വയോജന പ്രശ്നങ്ങളെക്കുറിച്ച് തങ്ങളുടെ അംഗങ്ങളെ ബോധവത്ക്കരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിനും പ്രായം തികഞ്ഞ് ഉദ്യോഗത്തിൽ നിന്ന് പിരിഞ്ഞ ജീവനക്കാർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനും അഭ്യർത്ഥിക്കുന്നതാണ്. സജീവവും ആരോഗ്യപൂർണവുമായ വയോജനജീവിതം നയിക്കുന്നതിനുമുള്ള മാർഗ്ഗങ്ങളെക്കുറിച്ച് (അനുയോജ്യമായ സമ്പാദ്യങ്ങൾ/ മൂലധനനിക്ഷേപം, ആരോഗ്യകരമായ ശീലങ്ങൾ മുതലായവ) അംഗങ്ങൾക്ക് ആവശ്യമായ ഉപദേശങ്ങൾ നല്കുവാനും ഈ സംഘടനകളെ പ്രേരിപ്പിക്കും. സർക്കാരിന്റെ നിയമനിർമ്മാണം, നീതിന്യായം, ഭരണനിർവഹണം എന്നീ ഘടകങ്ങളെ വയോജന പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവത്ക്കരിക്കുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കുവാനും സംഘടിപ്പിക്കുവാനും സർവകലാശാലകൾ, മറ്റ് പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സർക്കാർ പ്രോത്സാഹനം നല്കുന്നതാണ്.

## നിയമപരമായ സംരക്ഷം

72. സാമൂഹ്യവിരുദ്ധർക്ക് അനായാസം കൈയേറ്റം നടത്താവുന്ന ഒരു വിഭാഗമാണ് വൃദ്ധർ. കുടുംബാംഗങ്ങളിൽനിന്നുണ്ടാവുന്ന വഞ്ചനാപൂർണമായ പെരുമാറ്റത്തിനും ശാരീരികവും മാനസികവുമായ പീഡനത്തിനും അവർ പലപ്പോഴും വിധേയരാവാറുണ്ട്. ആഭരണങ്ങൾ, ഭൂസ്വത്ത്, സമ്പാദ്യങ്ങൾ എന്നിവയെച്ചൊല്ലി വൃദ്ധരോട് വീട്ടിലുള്ളവർ പലപ്പോഴും വഴക്കുകൂടുന്നു. വിധവകളുടെ കാര്യത്തിൽ പരേതനായ ഭർത്താവിന്റെ ഭൂസ്വത്ത്, സമ്പാദ്യങ്ങൾ എന്നിവയുടെ അവകാശ പ്രശ്നങ്ങളും കലഹകാരണമായിത്തീരുന്നു. വൃദ്ധജനങ്ങൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പോലീസിന് പ്രത്യേക ഉത്തരവാദിത്വമുണ്ട്. വൃദ്ധരുടെ വിശേഷിച്ചും സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ പോലീസ് അവരോട് പരമാവധി സഹാനുഭൂതിയും പരിഗണനയും പുലർത്തേണ്ടതാണ്. വൃദ്ധ ദമ്പതികൾ, ഒറ്റയ്ക്കു താമസിക്കുന്ന വൃദ്ധർ, വൃദ്ധകൾക്കെതിരെ ഉണ്ടാവുന്ന എല്ലാവിധത്തിലുമുള്ള ആക്രമ കൃത്യങ്ങൾ എന്നീ കാര്യങ്ങളിൽ സൗഹൃദപൂർവം ജാഗ്രത പുലർത്തുവാൻ പോലീസനിനോട് ആവശ്യപ്പെടുന്നതാണ്. വൃദ്ധർ നല്കുന്ന പരാതികൾ, അഭ്യർത്ഥനകൾ, നിർദ്ദേശങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ജില്ലാതലത്തിൽ ഒരു കൗൺസിൽ രൂപീകരിക്കുന്നതാണ്. ഇത്തരം കാര്യങ്ങൾ ഈ കൗൺസിൽ ശീഘ്രഗതിയിൽ കൈകാര്യം ചെയ്യുന്നതാണ്. വൃദ്ധർ ഉൾപ്പെടുന്ന കേസ്സുകളിൽ പെട്ടെന്ന് തീർപ്പുകല്പിക്കണെന്ന് ഇതിനകം തന്നെ സുപ്രീം കോടതി ഹൈക്കോടതികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

73. വൃദ്ധജനങ്ങളുടെ വിശേഷിച്ചും വൃദ്ധസ്ത്രീകളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വൃദ്ധപീഡനങ്ങളിൽ നിന്നും സംരക്ഷം നൽകുന്നതിനും ആവശ്യമെങ്കിൽ പ്രത്യേക

നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ മുൻകൈയ്യെടുക്കുന്നതാണ്.

74. വയോജനങ്ങൾക് സൗജന്യ നിയമസഹായം ലഭ്യമാക്കുവാൻ സൗകര്യമേർപ്പെടുത്തും.

**മറ്റു പ്രവർത്തനമേഖലകൾ**

75. അറുപതും അതിനു മുകളിലും പ്രായമുള്ള എല്ലാ വയോജനങ്ങൾക്കും തിരിച്ചറിയൽ കാർഡ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്നതാണ്. ഇത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്ക് സൗജന്യമായിരിക്കും. പേര്, മേൽവിലാസം, പ്രായം, വരുമാനം എന്നിവയ്ക്കുപുറമേ രക്തഗ്രൂപ്പ്, ദീർഘകാലമായി ഉള്ള രോഗങ്ങൾ തുടങ്ങിയ വിവരങ്ങളും ഈ കാർഡിൽ ഉണ്ടായി രിക്കും. അഞ്ചുവർഷത്തിലൊരിക്കൽ ഈ കാർഡ് പുതുക്കണം. ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് എല്ലാവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ചോദിച്ചു വാങ്ങുന്നതിന് ഇത് പ്രധാന പ്പെട്ട ഒരു സഹായക രേഖ ആയിരിക്കും.

76. സഹായങ്ങൾ ലഭിക്കുന്നതിനോ പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നതിനോ വേണ്ടി സർക്കാരാഫീസുകളിലെത്തുന്ന വയോജനങ്ങളോട് ഉദ്യോഗസ്ഥർ അങ്ങേയറ്റം മര്യാദകാണി ക്കേണ്ടതും അവരുടെ ആവശ്യങ്ങൾ അടിയന്തിരമായി കൈകാര്യം ചെയ്യേണ്ടതുമാണ്.

77. അന്താരാഷ്ട്ര വൃദ്ധദിനമായി ആചരിക്കുന്നതിന് ഐക്യരാഷ്ട്രസഭ നിഷ്ചയിച്ചിട്ടുള്ള ഒക്ടോബർ ഒന്നിന് ഓരോ വർഷവും യോഗങ്ങൾ, സെമിനാറുകൾ, മറ്റു ചടങ്ങുകൾ എന്നിവ സംഘടിപ്പിച്ച് വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളും ആശങ്കകളുമകറ്റുമെന്ന് പ്രതിജ്ഞയെടുക്കുകയും അവർക്ക് സമൂഹത്തിലുള്ള പ്രാധാന്യം ഉയർത്തിക്കാണിക്കുകയും ചെയ്യണം.

78. ആസൂത്രണത്തിൽ വയോജനക്ഷേമത്തിന് മുന്തിയ പരിഗണന നല്കാൻ സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യപ്പെടും. അതിനായി സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജ റ്റിൽ ഒരു വിഹിതം മാറ്റിവയ്ക്കുന്നതിന് ആവശ്യപ്പെടുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നാവണം ഈ വിഹിതം മാറ്റി വയ്ക്കുന്നത്. സാമൂഹിക നീതിക്കുവേണ്ടി ബോർഡിൽ ഒരു ഉപദേശക സമിതിയോ സ്ഥിരം സമിതിയോ ഉണ്ടായിരിക്കേണ്ട താണ്. ഇതിൽ വയോജന സംഘടനകളുടെ പ്രതിനിധികൾക്കും അംഗത്വമുണ്ടായിരിക്കണം.

79. ക്രിയാത്മക നടപടികൾക്കുള്ള മറ്റ് മേഖലകൾ ഇവയാണ്. വിനോദ-സാംസ്ക്കാരിക-ടൂ റിസ്റ്റ് കേന്ദ്രങ്ങളിൽ വൃദ്ധർക്ക് പ്രവേശന ഫീസിൽ ഇളവനുവദിക്കൽ, പൊതുവായ ഉപയോഗ ത്തിനുള്ള കെട്ടിടങ്ങൾ, പാർക്കുകൾ, ഹൈവേകൾ, ബഹുനിലകെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാ ണത്തിൽ വൃദ്ധരുടെ സൗകര്യങ്ങൾ പരിഗണിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കൽ മുതലാ യവ ഇതിൽപ്പെടുന്നു.

80. സംസ്ഥാനത്തെ പ്രധാന റയിൽവെസ്റ്റേഷനുകളിൽ വയോജനങ്ങൾക്ക് തടസ്സംകൂടാതെ പ്ളാറ്റുഫാമുകളിൽ എത്തുന്നതിന് ലിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് റയിൽവേ അധി കൃതരോട് അഭ്യർത്ഥിക്കും.

81. വൃദ്ധജനങ്ങൾക്ക് സ്വന്തം ഭവനങ്ങളിൽ നിന്നുള്ള സ്നേഹവും ആദരവും സംരക്ഷണ വുമാണ് ലഭ്യമാകേണ്ടത്. ഈ മഹത്തായ ആദർശനത്തിന് പിൻതലമുറക്കാരിൽ ശരിയായ പ്രച രണവും അംഗീകാരവും നേടിയെടുക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ പാഠപുസ്തകങ്ങളിൽ മേൽപ്പറഞ്ഞ ആശയം ഉൾക്കൊള്ളുന്നവിധത്തിലുള്ള പാഠങ്ങൾ ഉൾപ്പെ ടുത്തും.

82. റിട്ടയർ ചെയതതിന് ശേഷവും പ്രവർത്തിയെടുക്കാൻ സന്നദ്ധരും പ്രാപ്തിയുള്ളവരു

ായ വയോജനങ്ങളുടെ കർമ്മശേഷി രാജ്യത്തിന്റെ വികസനത്തിന് വേണ്ടി പ്രയോജനപ്പെടുത്തുന്നതിന് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തും.

## ഗവേഷണ പ്രോത്സാഹനം

83. പുതിയ ഉൾക്കാഴ്ചകൾ ലഭിക്കുന്നതിനും നിലവിലുള്ള പരിപാടികൾ വിലയിരുത്തുന്നതിനും പുതിയതും വികസന സാധ്യതയുള്ളതുമായ പ്രവർത്തന മേഖലകൾ കണ്ടെത്തുന്നതിനും വേണ്ടി വൃദ്ധരെ സംബന്ധിച്ച വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് സർക്കാർ പ്രോത്സാഹനം നല്കും.

സർക്കാർ വകുപ്പായ ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാസ്റ്റിക്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ളോയ്മെന്റ് അതുപോലെയുള്ള മറ്റു സർക്കാർ ഏജൻസികൾ എന്നിവയോട് ശാസ്ത്രീയ പഠനങ്ങൾക്കും അർഥപൂർണ്ണമായ തീരുമാനമെടുക്കലിനും ഉപകരിക്കത്തക്കവിധം വൃദ്ധരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ ആവശ്യപ്പെടുന്നതാണ്. ഉന്നതനിലവാരം പുലർത്തുന്ന അക്കാഡമിക്-പ്രൊഫഷണൽ സ്ഥാപനങ്ങളെ വാർധക്യ സംബന്ധമായ വിഷയങ്ങളിൽ ഗവേഷണങ്ങൾ നടത്തുന്നതിന് ഔചിത്യപൂർവം ചുമതലപ്പെടുത്തും.

## IV കാര്യനിർവ്വഹണം

**ഭരണസംവിധാനം**

84. ഈ നയവും കർമ്മ പദ്ധതിയും കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി സാമൂഹ്യ ക്ഷേമ വകുപ്പിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉചിതമായ ഒരു സംവിധാനം ഉണ്ടാക്കുന്നതാണ്. അതിനായി സെക്രട്ടേറിയറ്റിലെ സാമൂഹ്യക്ഷേമ വിഭാഗത്തിൽ ഒരു സെൽ രൂപീകരിക്കുകയും, പുതിയ തസ്തികകളൊന്നും സൃഷ്ടിക്കാതെ ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്യുന്നതാണ്. ഡയറക്ടറേറ്റ് തലത്തിലും ഇത്തരം ഒരു സെൽ പ്രവർത്തിക്കുന്നതായിരിക്കും.

85. വൃദ്ധരുടെ പ്രശ്നങ്ങൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടവയാകയാൽ ധനകാര്യം, ആരോഗ്യം, തൊഴിൽ, ആഭ്യന്തരം, വിദ്യാഭ്യാസം, തദ്ദേശഭരണം, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവയുടെ സെക്രട്ടറിമാരടങ്ങിയ ഒരു ഇൻറർ ഡിപ്പാർട്ടുമെൻറൽ കമ്മിറ്റി രൂപവൽക്കരിക്കുന്നതാണ്. അതിന്റെ കൺവീനർ സോഷ്യൽ വെൽഫെയർ സെക്രട്ടറി ആയിരിക്കും. ഈ കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരുകയും വയോജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി, ഈ രംഗത്ത് ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്യുന്നതുമായിരിക്കും.

86. വയോജനങ്ങളുടെ പ്രശ്നങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നതിനു വേണ്ടി ഒരു വയോജനക്ഷേമസമിതി രൂപീകരിക്കുന്നതിന് സംസ്ഥാന നിയമസഭയോട് അഭ്യർത്ഥിക്കുന്നതാണ്.

87. മുഖ്യമന്ത്രി രക്ഷാധികാരിയും, സാമൂഹ്യക്ഷേമ മന്ത്രി ചെയർപേഴ്സനുമായി ഒരു വയോജന കൗൺസിൽ രൂപവത്ക്കരിക്കുന്നതാണ്. ഇതിൽ ഏകദേശം 6 സർക്കാർ ഉദ്യോഗസ്ഥരും രണ്ട് ജനപ്രതിനിധികളും വയോജന ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ സർക്കാരിതര സംഘടനകളുടെ 6 പ്രതിനിധികളും ഉണ്ടായിരിക്കും. പ്രസ്തുത കൗൺസിലിൽ സാമൂഹ്യക്ഷേമ വകുപ്പു സെക്രട്ടറി കൺവീനറായും വാർദ്ധക്യപ്രശ്നങ്ങളിൽ വൈദഗ്ധ്യം നേടിയ ഒരു സർക്കാരിതര സംഘടനാംഗം വൈസ് ചെയർപേഴ്സനായും പ്രവർത്തിക്കും. കൗൺസിൽ മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരുകയും വയോജനങ്ങൾക്കു വേണ്ടിയുള്ള എല്ലാ പരിപാടികളും വിലയിരുത്തുകയും ചെയ്യുന്നതാണ്. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വൃദ്ധജന ക്ഷേമപരിപാടികളുടെ പുരോഗതി കൗൺസിൽ പരിശോധിക്കുകയും അത് ഉദ്ദിഷ്ട രീതിയിലാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. കൗൺസിൽ വൃദ്ധരുടെയും പൗരസംഘടനകളുടെയും നിവേദനങ്ങൾ സ്വീകരിക്കുകയും അതിൻമേൽ നടപടി എടുക്കുകയും ചെയ്യുന്നതാണ്. കൗൺസിലിന്റെ പ്രവർത്തനത്തിനായി പ്രത്യേക ബഡ്ജറ്റ് വിഹിതം സാമൂഹ്യക്ഷേമ വകുപ്പിൽ ഉൾപ്പെടുത്തുന്നതാണ്.

88. ജില്ലാതലത്തിലും വയോജനങ്ങൾക്കുവേണ്ടി കൗൺസിൽ രൂപീകരിക്കുന്നതാണ്. ജില്ലാതല കൗൺസിലിന്റെ ചെയർപേഴ്സൺ ജില്ലാകളക്ടറും കൺവീനർ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുമായിരിക്കും. കൗൺസിലിൽ ഔദ്യോഗികാംഗങ്ങളും അനൗദ്യോഗിക അംഗങ്ങളും വയോജന ക്ഷേമ രംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രതിനിധികളും അംഗങ്ങളായിരിക്കും.

89. ഗിരിവർഗ്ഗക്കാരും അവശതയനുഭവിക്കുന്ന മറ്റ് വിഭാഗങ്ങലും അധിവസിക്കുന്ന പ്രദേശങ്ങളിൽ ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള വയോജനങ്ങളുടെ ജില്ലാതല കൗൺസിൽ സന്ദർശനം നടത്തി അവിടെ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ നടപടി സ്വീകരിക്കേണ്ടതും അക്കാര്യം വയോജനങ്ങൾക്കായുള്ള സംസ്ഥാനതല കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

90. ഓരോ വർഷം കൂടുമ്പോൾ ഈ നയവും കർമ്മ പദ്ധതിയും പുനരവലോകനം ചെയ്യുന്നതാണ്. ഒപ്പ്,

**ലിഡാ ജേക്കബ്,**

**സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്**